

ആർ വി വി എച്ച് എസ് എസ് വാളകം

# ഉണ്മ

ലിറ്റിൽ കൈറ്റ് പ്രസിദ്ധീകരണം







# ലിറ്റിൽ കൈറ്റ്സ്



## ആർ വി വി എച്ച് എസ് എസ് വാളകം



അഖിലാണ്ഡമണ്ഡലമണിയിച്ചൊരുക്കി

അതിനുള്ളിലാനന്ദദീപംകൊളുത്തി

പരമാണുപൊരുളിലുംസ്ഫുരണമായ്മിന്നും

പരമപ്രകാശമേശരണംനീയെന്നും

സുരഗോളലക്ഷങ്ങളണിയിട്ടുനിർത്തി

അവികലസൗഹൃദബന്ധംപുലർത്തി

അതിനൊക്കെയാധാരസൂത്രമിണക്കി

കുടികൊള്ളുംസത്യമേശരണംനീയെന്നും

ദുരിതങ്ങൾക്കുത്താട്ടുമുലകത്തിൽനിന്റെ

പരിപൂർണ്ണതേജസ്സുവിളയാടിക്കാണ്മാൻ

ഒരുജാതിഒരുമതമൊരുദൈവമേവം

പരിശുദ്ധവേദാന്തംസഫലമായ്ത്തീരാൻ

അഖിലാധിനായകാതവതിരുമുമ്പിൽ

അഭയമായ്നിത്യവുംപണിയുന്നുഞങ്ങൾ

# എഡിറ്റേഴ്സ്

**കണ്ണൻ**

**ഹിരൺ എച്ച്**

**നിവിൻ**

**പാർവതി എസ് രാജ്**

**വിഘ്നേഷ്**

**വൈഷ്ണവി ജെ**

# എഡിറ്റേഴ്സ്നോട്ട്

**സൗരഭ്യവും സൗന്ദര്യവും പടർത്തുവാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം കുട്ടികളുടെ മനസ്സിൽനിന്ന് വിരൽത്തുമ്പിലേക്ക് ഒഴുകിയ ഭാവനയുടെ പൂക്കാലം. ഡിജിറ്റൽ സാങ്കേതികവിദ്യ എല്ലാറ്റിനെയും തന്റെ ചിറകിലേറ്റുമ്പോൾ ഞങ്ങൾ ഇളം മനസ്സുകളും അതോടൊപ്പം ചേരുന്നു .ആർ വി വി എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ് സാഭിമാനം, സവിനയം അവതരിപ്പിക്കുന്നു ഉണ്മ. പേജുകളിലൂടെ കണ്ണോടിച്ച് കുട്ടി മനസ്സുകളിലൂടെ സഞ്ചരിച്ചാലും. ഞങ്ങളുടെ ആദ്യ ഡിജിറ്റൽ സംരംഭത്തെ ഇവിടം വരെ എത്തിച്ച സർവ്വേശ്വരന്റെ മഹാകൃപയെ നന്ദിയോടെ സ്മരിക്കുന്നു .വായിക്കുക അനുഗ്രഹിക്കുക.**

# ആശംസകൾ

**വിദ്യാഭ്യാസം വ്യക്തിയുടെ ബൗദ്ധികവും മാനസികവും ശാരീരികവും ആധ്യാത്മികവുമായ വളർച്ചയെ പുഷ്ടിപ്പെടുത്തുന്നു. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ആർ വി എച്ച്എസിലെ കുട്ടികൾ മുൻനിരയിലാണ് എന്ന് ഒരിക്കൽ കൂടെ നിസ്സംശയം തെളിയിച്ചുകൊണ്ട് ലിറ്റിൽ കൈറ്റ്സ് സാങ്കേതികവിദ്യയുടെ ഒരു പുതിയ മേഖലയിലേക്ക് കൂടി നമ്മുടെ സ്കൂളിനെ എത്തിച്ചിരിക്കുന്നു, ഡിജിറ്റൽ മാഗസിൻ. ഉണ്മ എന്ന അവരുടെ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു.**

**ഹെഡ്മിസ്ട്രസ്**

**കെ ആർ ഗീത**

## ഉള്ളടക്കം

വൈക്കം മുഹമ്മദ് ബഷീർ

ഹിരൺ എച്ച് ---------------------------------------------------9-11

ചങ്ങമ്പുഴ കൃഷ്ണപിള്ള

സാരംഗ് എസ് രാജ്------------------------------------------12-14

കുഞ്ഞുണ്ണി എന്ന പൊക്കക്കാരൻ

അതുൽകൃഷ്ണൻ---------------------------------------------------15-18

ഒ എൻ വി കുറുപ്പ്

ക്രിസ്റ്റീന ഷാജി--------------------------------------------------19-22

പി ഭാസ്കരൻ

നിവിൻ വി എസ്-----------------------------------------------23-27

ഹെർമൻ ഗുണ്ടർട്ട്

പാർവതി എസ് രാജ്--------------------------------------------28-29

അർദ്ധനഗ്നനായ ഫക്കീർ

അക്സ പി സാമുവൽ---------------------------------------------30-32

ഗാന്ധി ജയന്തി

സിബിൻ------------------------------------------------------------33-35

ഗാന്ധിവചനങ്ങൾ

ജിസാ ജോസഫ്------------------------------------------------36-37

ഗാന്ധിമാർ ഇങ്ങനെയും

വിഘ്നേഷ്-------------------------------------------------------38-45

എന്റെ പൈതൃക അഭിമാനങ്ങൾ

വൈഷ്ണവി ജെ-------------------------------------------------46-51

ചില ആനക്കാര്യങ്ങൾ

വൈഷ്ണവ് ജെ-------------------------------------------------52-53

അമ്മേ നീ ജന്മസാഫല്യം

മീനകൃഷ്ണ ആർ-----------------------------------------------54


കടങ്കഥകൾ

രമ്യാ രാജൻ----------------------------------------------------55-58

ശൈലികൾ
ദേവിക ---------------------------------------------------------59-63
പഴഞ്ചൊല്ലുകൾ
വീണ------------------------------------------------------------64-69
പ്രളയശേഷം
അനഘലാശ്രീകുമാർ-------------------------------------------------70
അമ്മ
ടി എസ് സുപ്രഭ----------------------------------------------------71-74
വയോജനങ്ങളേ ഇതിലേ ഇതിലേ
നന്ദന സത്യൻ------------------------------------------------------75-77
പ്രളയം പഠിപ്പിച്ചത്
സയ്ഫ എസ്--------------------------------------------------------78-80
വരകൾ വർണ്ണങ്ങൾ
രാഹുൽ രാജ്-------------------------------------------------------81-82
കാർട്ടൂൺ
രാഹുൽ രാജ്-------------------------------------------------------83

# വൈക്കംമുഹമ്മദ്ബഷീർ

-ഹിരൺ എച്ച്



മലയാള സാഹിത്യ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് ബഷീർ . മലയാള ചെറുകഥയെയും നോവലിനെയും പുതിയ ദിശയിലേക്ക് നയിച്ച ഇദ്ദേഹം വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1908 ജനുവരി 21 ന് ജനിച്ചു അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാനായി നാട്ടിൽ നിന്ന് ഒളിച്ചോടി കോഴിക്കോട്ട് ചെന്ന്കോൺഗ്രസ്പ്രവർത്തനങ്ങളിൽപങ്കെടുത്തു. .

ഉപ്പുസത്യാഗ്രഹത്തിൽഭാഗഭാക്കായതിനെത്തുടർന്നു പോലീസ് അറസ്റ്റ് ചെയ്തു

ജയിലിലാക്കി . ജയിലിൽനിന്ന് പുറത്തുവന്ന ഇദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽ വാസവും മർദ്ദനവും ഏറ്റുവാങ്ങി


ജയിൽമോചിതനായതിനുശേഷം ബഷീർ ഏഴ് വർഷത്തോളം നീണ്ടുനിന്ന യാത്രയിൽ ഏർപ്പെട്ടു . ഈ യാത്രയ്ക്കിടയിൽ ഇന്ത്യയുടെ മിക്ക ഭാഗങ്ങളും, അറബി രാജ്യങ്ങളും, ആഫ്രിക്കൻ തീരപ്രദേശങ്ങളും സന്ദർശിച്ചു . കഷ്ടപ്പാടുകൾ നിറഞ്ഞ ആ യാത്രയുടെ കാലയളവിൽ ബഷീർ പല തൊഴിലുകളിലും ഏർപ്പെട്ടു. ഊരുചുറ്റലിനിടയിൽ ഹൈന്ദവ സന്ന്യാസിമാരുടെയും സൂഫിമാരുടെയും കൂടെ കുറെ കാലം കഴിച്ചുകൂട്ടി . ധാരാളം അനുഭവസമ്പത്തോടെ കേരളത്തിൽ മടങ്ങിയെത്തിയ ബഷീർ സാഹിത്യരചനയിൽ ഏർപ്പെട്ടു. .സവിശേഷമായ ഒരു വ്യക്തിത്വവും കാഴ്ചപ്പാടും ശൈലിയും ബഷീറിൻറെ കൃതികളെ ശ്രദ്ധേയമാക്കി . നർമ്മവും, ആത്മകഥാംശവും, മതനിരപേക്ഷതയും, ലോകവീക്ഷണവും, മനുഷ്യസ്നേഹവും നിറഞ്ഞു നില്ക്കുന്നു എന്നതാണ് അദ്ദേഹത്തിൻറെ കൃതികളുടെ മുഖമുദ്ര . ബഷീർ കുറച്ചുകാലം എറണാകുളത്ത് ഒരു പുസ്തകശാല നടത്തി . തുടർന്ന് കുറച്ചുകാലം കോട്ടയത്തും പിന്നീട് ജന്മദേശമായ തലയോലപ്പറമ്പിലും ബഷീർ സാഹിത്യ രചനയിൽ മുഴുകിക്കഴിഞ്ഞു . മധ്യവയസ്സിൽ വിവാഹിതനായി . ഫാബി ബഷീറാണ് ഭാര്യ . ഇദ്ദേഹം കോഴിക്കോടിനടുത്ത ബേപ്പൂരിൽ സ്ഥിരതാമസമാക്കുകയാണ് ഉണ്ടായത് . ഇതിനെത്തുടർന്നാണ് ബഷീറിനെ ബേപ്പൂർ സുൽത്താൻ എന്ന് ആളുകൾ വിളിച്ചുതുടങ്ങിയത്. വിവിധ ശാഖകളിലായി മുപ്പതോളം ഗ്രന്ഥങ്ങളുടെ കർത്താവായ ബഷീറിന്റെ ബാല്യകാലസഖി തുടങ്ങിയ ലഘുനോവലുകൾ പെട്ടെന്ന് ജനപ്രീതിയാർജിച്ചു. പാത്തുമ്മാടെ ആട്, ബാല്യകാലസഖി ,ന്റുപ്പൂപ്പായ്ക്ക് ഒരാനേണ്ടാർന്നു ,ശബ്ദങ്ങൾ എന്നീ നോവലുകൾ മലയാളസാഹിത്യത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു . സ്വയം ഒരു ഇതിഹാസ പുരുഷനായി മാറിയ ബഷീർ തന്നെ

ചില നോവലുകളിലെ -ഉച്ചീട്ടുകളിക്കാരൻറെ മകൾ സ്ഥലത്തെ പ്രധാന ദിവ്യൻ ആനവാരിയും പൊൻകുരിശും- കഥാപാത്രങ്ങളെ ഇതിഹാസ കഥാപാത്രങ്ങളെപ്പോലെ അനശ്വരമാക്കി . മലയാളഭാഷയ്ക്ക് സ്വന്തമായ ചില വാക്കുകളും ശൈലികളും സംഭാവനചെയ്തിട്ടുണ്ട് ഇദ്ദേഹം . കാവ്യാത്മകത തുളുമ്പുന്ന അനുകരണീയമായ വർത്തമാന ഭാഷയാണ് അദ്ദേഹം രചനയ്ക്ക് ഉപയോഗിച്ചത് . ബഷീറിൻറെ പ്രധാനകൃതികൾ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിലും വിവിധ ഇന്ത്യൻ ഭാഷകളിലും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് , സ്വാതന്ത്ര്യസമര പഠന താമ്രപത്രം, കേരളസാഹിത്യ അക്കാദമി ഫെലോഷിപ്പ് ,പത്മശ്രീ ,കാലിക്കറ്റ് സർവകലാശാലയുടെ ഡോക്ടർ ഓഫ് ലെറ്റേഴ്സ്, ലളിതാംബിക അന്തർജ്ജനം അവാർഡ് ,മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ബഷീറിന് ലഭിച്ചിട്ടുണ്ട്. മലയാളസാഹിത്യത്തിൽ സ്വന്തമായ ഒരു ശൈലി വെട്ടിത്തെളിയിച്ച് ഈ അതികായൻ 1994 ജൂലൈ 5-ന് അന്തരിച്ചു .

****** ****** ******

# ചങ്ങമ്പുഴ കൃഷ്ണപിള്ള

സാരംഗ് എസ് രാജ്



ആധുനിക കവിത്രയത്തിന് ശേഷം എല്ലാ അർത്ഥത്തിലും മലയാളകവിതയിൽ വസന്തം വിരിയിച്ച കവികളിലൊരാളാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള . കാൽപ്പനികതയുടെ സൗന്ദര്യം ഇത്രയും തീഷ്ണമായും ശക്തമായും ആവിഷ്കരിക്കാൻ

ചങ്ങമ്പുഴയ്ക്ക് മാത്രമേ കഴിയൂ . ചങ്ങമ്പുഴക്കവിതകൾ അക്കാലത്തെ യുവതലമുറ നെഞ്ചേറ്റി ആഘോഷിച്ചവയായിരുന്നു .

1911 ഒക്ടോബർ പത്തിന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിലെ ഒരു പുരാതന തറവാട്ടിൽ ജനിച്ചു . അച്ഛൻ തെക്കേടത്തു നാരായണമേനോൻ. അമ്മ പാറുക്കുട്ടിയമ്മ . പ്രാഥമികവിദ്യാഭ്യാസം ഇടപ്പള്ളിയിലെ പ്രൈമറി സ്കൂളിലായിരുന്നു .വളരെ ചെറുപ്പകാലത്തിൽ തന്നെ കവിതയോട് താൽപര്യം തോന്നുകയും കവിതകൾ എഴുതുകയും ചെയ്തു . ഇടപ്പള്ളി കരുണാകരമേനോന്റെ നേതൃത്വത്തിൽ നടത്തിപ്പോന്ന സാഹിത്യസമാജത്തിൽ കവിതാരചനയിൽ ചുവടുറപ്പിച്ചു. പ്രശസ്തരായ എഴുത്തുകാരുമായി ബന്ധപ്പെടാനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചു. ആനുകാലികങ്ങളിൽ കവിതകൾ വന്നു. ചങ്ങമ്പുഴയിലെ കവി അവിടെ രൂപപ്പെട്ടു . കുറ്റിപ്പുഴ കൃഷ്ണപിള്ള ലോക സാഹിത്യ കവാടം അദ്ദേഹത്തിനു മുന്നിൽ തുറന്നു നൽകി . ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് അധ്യാപകനായ അച്യുതവാര്യർ വളരെയധികം സ്വാധീനിച്ചു . 10 വയസ്സിൽ അച്ഛൻ നഷ്ടപ്പെട്ട ചങ്ങമ്പുഴയ്ക്ക് എഴുതാനും വായിക്കാനുമുള്ള സൗകര്യം ചെയ്തുകൊടുത്തു അദ്ദേഹം . പത്താംക്ലാസിൽ പഠിക്കുമ്പോൾ സാഹിത്യസമാജം ജനറൽ സെക്രട്ടറി പദം അലങ്കരിച്ച ചങ്ങമ്പുഴ ഇക്കാലത്തിനിടയ്ക്ക് സാഹിത്യലോകത്ത് ഒരു വിസ്മയം തന്നെ തീർത്തിരുന്നു. 17 വയസ്സ് മുതൽ 23 വയസ്സ് വരെ അദ്ദേഹം എഴുതിയ കവിതകൾ ബാഷ്പാഞ്ജലി എന്ന പേരിൽ പ്രസിദ്ധീകരിച്ചു . ആസ്വാദകമനസ്സിൽ താലോലിക്കപ്പെട്ട ആ സമാഹാരത്തിനുശേഷം ഹേമന്തചന്ദ്രികയും ആരാധകനും പുറത്തിറങ്ങി . ഏകാന്തപഥികൻ എന്ന് സ്വയം വിശേഷിപ്പിച്ച കവി എപ്പോഴും വിവാദങ്ങളിലും വിമർശനങ്ങളിലും അകപ്പെട്ടു പോയിരുന്നു . ഇടപ്പള്ളി

രാഘവൻപിള്ള എന്ന ആത്മാർത്ഥ സുഹൃത്തിന്റെ മരണം ചങ്ങമ്പുഴയ്ക്ക് താങ്ങാവുന്നതിലേറെ ആയിരുന്നു . ആ സുഹൃത്തിന്റ മരണ വേദനയിലൂടെ രമണൻ എന്ന കവിതയെഴുതി മലയാള സാഹിത്യ ലോകത്തിന പുതിയ ഒരു സാഹിത്യശാഖ സമ്മാനിച്ചു . രമണൻ എന്ന ആ വിരഹകാവ്യം മലയാള സാഹിത്യ ലോകം കീഴടക്കി . ബിഎ ഓണേഴ്സ് നേടിയശേഷം 1940 വിവാഹം. ശ്രീദേവി ആയിരുന്നു ഭാര്യ . 1942 പൂനയിൽ മിലിറ്ററി സർവീസിൽ ചേർന്നു. കൊച്ചിയിലേക്ക് സ്ഥലം മാറ്റം വാങ്ങി വന്നു . അസ്ഥിമാടം ,ഓണപ്പൂക്കൾ ,മനസ്വിനി ,കാവ്യനർത്തകി മുതലായ കവിതകൾ സാഹിത്യ ലോകത്തിനു സമ്മാനിച്ചു .

വ്യക്തിജീവിതത്തിലെ പൊരുത്തക്കേടുകളും ദുസ്വഭാവങ്ങളും രോഗിയാക്കിയ ആ ഭാവനാസമ്പന്നത കാലം എത്താതെ 1948 ജൂൺ 17 ന് കാലയവനികയിൽ മറഞ്ഞു .

☆☆☆☆☆☆☆☆☆☆☆☆

# കുഞ്ഞുണ്ണി എന്ന പൊക്കക്കാരൻ

-അതുൽ കൃഷ്ണൻ



കുട്ടികളുടെയും കുട്ടിത്തം മനസ്സിൽ കൊണ്ടുനടക്കുന്നവരുടേയും കുഞ്ഞു ബാല്യങ്ങളുടെ തമ്പുരാനാണ് കുഞ്ഞുണ്ണിമാഷ് . അദ്ദേഹം അന്തരിച്ച് വർഷങ്ങളായിട്ടും ആ മൊഴികൾക്ക് ഇടർച്ചയോ പതർച്ചയോ സംഭവിച്ചിട്ടില്ല. ഒരു വട്ടം വായിച്ചാൽ തന്നെ മനസ്സിൽ കവിവാക്യങ്ങൾ ആലേഖനം ചെയ്യപ്പെടും. ലളിതം, കോമളം ,വിഭവസമൃദ്ധം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന അസംഖ്യം കുട്ടികവിതകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. 1927 മേയ് 10-ന് തൃശ്ശൂർ ജില്ലയിലെ വലപ്പാട് ജനനം .അച്ഛൻ ഞായപ്പള്ളി ഇല്ലത്തെ നീലകണ്ഠൻ മൂസ്സത്. അമ്മ അതിയാരത്തു നാരായണി അമ്മ.ഹൈസ്കൂളിൽ അധ്യാപകനായി തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ച കുഞ്ഞുണ്ണിമാഷ് ജീവിതത്തിലെ സിംഹഭാഗവും കോഴിക്കോട്ടാണ് ചെലവഴിച്ചത് .1953 ൽ കോഴിക്കോട് ശ്രീരാമകൃഷ്ണാ മിഷൻ ഹൈസ്കൂളിൽ

അദ്ധ്യാപകനായി ചേർന്നു. 1982 ൽ അധ്യാപക രംഗത്തുനിന്ന് വിരമിച്ചു . 1987 ൽസ്വദേശമായ വലപ്പാട്ടേക്ക് തിരിച്ചുപോകുകയും തൃശ്ശൂരിൽ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിലേർപ്പെട്ടുകയും ചെയ്തു. കുഞ്ചൻ നമ്പ്യാരുടെ ഭാഷാശാസ്ത്രമാണ് കുഞ്ഞുണ്ണിമാഷിനെ ഏറെ സ്വാധീനിച്ചത്. കുട്ടിക്കാലത്തേറെയും വായിച്ചത് കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളായിരുന്നു .സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് തുള്ളൽ കഥകൾ എഴുതി സ്വയം അവതരിപ്പിച്ചിരുന്നു.

എനിക്ക് കവിത ഞാൻതന്നെ

കുഞ്ഞുണ്ണിക്കൊരു മോഹം എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു കവിയായിട്ടു മരിക്കാൻ

കുഞ്ഞിൽ നിന്നുണ്ണോൻ കുഞ്ഞുണ്ണി

കുകഴിഞ്ഞാൽഞ്ഞു
ഞ്ഞുകഴിഞ്ഞാൽണ്ണി
കുവുംഞ്ഞുവുംണ്ണിയും
കഴിഞ്ഞാൽകുഞ്ഞുണ്ണി
കുഞ്ഞുണ്ണിയും കഴിഞ്ഞാലോ ?

ഉത്തമംകാർഷികംവൃത്തി
മധ്യമംവ്യവസായികം

**അധമംശമ്പളംജോലി**

**വിഷമംഅല്ലനീചംപോരാ**

**നിന്ദ്യം താൻ ഭരണപ്പണി**

**മണ്ണിന്റെ മനസ്സല്ലോ മലരിൻ മന്ദസ്മിതം**

**കർക്കടകത്തിൽ കാണണം കേരള സൗന്ദര്യം**

**പച്ചിലവളം മെച്ചവളം**

**തൻറെ പൊക്കമില്ലായ്മയെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു** ***പൊക്കമില്ലായ്മയാണ് എന്റെ പൊക്കം***

**അദ്ദേഹത്തിന്റെ കവിതകൾ മനുഷ്യമനസിനെ ആകർഷിക്കുന്നവയാണ് എന്നിലുണ്ട് എല്ലാരും എല്ലാടവും എന്ന ഒറ്റ വരി കവിതയിൽ മാഷ് തന്റെ സമ്പൂർണ്ണ കവിതകളുടേയും സമഗ്ര പഠനം സ്വാംശീകരിച്ചിട്ടുണ്ട്.**

**സത്യമേ ചൊല്ലാവൂ ധർമ്മമേ ചെയ്യാവൂ നല്ലതേ നൽകാവൂ വേണ്ടതേ വാങ്ങാവൂ**

**മത്തായിക്ക്ശക്തിവച്ചാൽശക്തിമത്തായി**

**മുട്ടായിക്ക് ബുദ്ധിവച്ചാൽ ബുദ്ധിമുട്ടായി**

പ്രധാന കൃതികൾ *പഴമൊഴിപ്പത്തായം, കുഞ്ഞുണ്ണിയുടെ കവിതകൾ ,കടംകഥകൾ ,വിത്തും മുത്തും, കുറ്റിപെൻസിൽ, കുട്ടികൾ പാടുന്നു, കുഞ്ഞുണ്ണി രാമായണം, മൊഴിമുത്തുകൾ ,അമ്മക്ക് ,ചാരും രസികനും ഗോവിന്ദ ദാമോദര സ്തോത്രം* .പുരസ്കാരങ്ങൾ കേരള സാഹിത്യ അക്കാദമി പുരസ്കാരം, ബാലസാഹിത്യ അക്കാദമി പുരസ്കാരം, വാഴക്കുന്നം പുരസ്കാരം ,സമഗ്രസംഭാവനക്കുള്ള കേരളസാഹിത്യഅക്കാദമിപുരസ്കാരംതുടങ്ങിയവ. .

പൂച്ചനല്ലപൂച്ചവൃത്തിയുള്ളപൂച്ച

പാലു വച്ച പാത്രം വൃത്തിയാക്കി വച്ചു

എനിക്ക്പൊക്കംകുറവാണെന്ന്

എനിക്കുപൊക്കംകുറവാണെന്നെപ്പൊക്കാതിരിക്കുവിൻ

എനിക്കുക്കു കുറവാണെന്നെത്താങ്ങാതിരിക്കുവിൻ

വായിച്ചാലുംവളരുംവായിച്ചില്ലേലുംവളരും

വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും

പൊക്കമില്ലായ്മയാണ് എൻറെ പൊക്കം

സരസ ലളിത പദങ്ങളാൽ ജീവിതസത്യങ്ങളെ പച്ചയായി ആവിഷ്കരിച്ച ആ വലിയ കവി ഒരുപിടി മിന്നുന്ന മുത്തുകൾ സംഭാവന ചെയ്ത്കാവ്യകേരളത്തെ പുഷ്ടിപ്പെടുത്തിയ ശേഷം 2006 മാർച്ച് 26-നു അന്തരിച്ചു.

☆☆☆☆ ☆☆☆☆☆ ☆☆☆☆☆

# ഒഎൻവികുറുപ്പ്

-ക്രിസ്റ്റിനഷാജി



1931 മെയ് 27 ന് കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. കോളേജ്

അദ്ധ്യാപകൻ,കവി, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രശസ്തനായിരുന്നു അദ്ദേഹം. അക്ഷരം,ഉപ്പ്, കറുത്തപക്ഷിയുടെ പാട്ട്, അഗ്നിശലഭങ്ങൾ, ശാർങ്ഗകപ്പക്ഷികൾ, വെറുതെ ,
തോന്ന്യാക്ഷരങ്ങൾ ,ഭൂമിക്കൊരു ചരമഗീതം തുടങ്ങിയവ സമാഹാരങ്ങൾ . ജ്ഞാനപീഠം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി . കാളിദാസ മഹാകവിയുടെ ജീവിതത്തെ ആധാരമാക്കി ഉജ്ജയിനി എന്ന കാവ്യാഖ്യായിക രചിച്ചു ഒരു സ്ത്രീ സമൂഹത്തിൽ അനുഭവിക്കേണ്ടിവന്ന കൈപ്പാർന്ന ജീവിതത്തിന്റെ നേർചിത്രമാണ് സ്വയംവരം .

എവിടെ മനുഷ്യനുണ്ടവിടെയെല്ലാമുയർ
ന്നെഴുന്നേൽക്കുമെന്റെയീ ഗാനം .

എന്ന് ഭാവഗീതങ്ങളുടെ സാമൂഹിക പ്രസക്തിയെപ്പറ്റി കവി കുറിച്ചു . മനുഷ്യൻറെ ഉള്ളിലെ വേദനകളെയും സ്നേഹ വിദ്വേഷങ്ങളെയും സ്വപ്നങ്ങളെയും കവിതയിലൂടെ അവതരിപ്പിച്ചു .

വേദനിക്കിലും വേദനിപ്പിക്കിലും
വേണമീ സ്നേഹബന്ധങ്ങളൂഴിയിൽ

എന്ന്സ്നേഹബന്ധങ്ങളുടെ ആഴങ്ങളെ സ്പർശിച്ചുകൊണ്ട് ഒഎൻവി കുറുപ്പ് എഴുതി .കോതമ്പുമണികൾ എന്ന കവിതയിൽ അരക്ഷിതവും

അശാന്തവുമായ സ്ത്രീജീവിതത്തിന്റെ ഭാരതീയ മുഖം ഒഎൻവി അനാവരണം ചെയ്തു. എരിഞ്ഞുതീരുന്ന ജീവിതത്തിന്റെ കനലുകൾ ഒരിക്കലും കെടാതെ സൂക്ഷിക്കുന്ന ആത്മ ജ്വാലകൾ ആണെന്ന് കവി കരുതി. ജീവിതം അങ്ങനെയാണ് ഓരോരുത്തരും കത്തി തീരുകയാണ് .മനുഷ്യത്വം മരവിച്ച കാലത്ത് മനുഷ്യനായി

ജീവിക്കാൻ കവിയ്ക്ക് പേടിയാണ് .കൊന്നും തിന്നും പുലികളെയും സിംഹങ്ങളെയും പോലെ ജീവിക്കുന്ന ഈ കാലത്ത് കവി തന്റെ ഭാസുരമായ ഭാവികാല സങ്കല്പങ്ങൾ അവതരിപ്പിക്കുകയാണ് .ഈ വരികളുടെ കാലത്തെ ശാന്തമാക്കുവാൻ വാക്കുകൾ സംഗീതമാകട്ടെ എന്ന് കവി ആശിക്കുകയാണ് .ശാന്തമായ കാലത്തെ അടയാളപ്പെടുത്തുന്ന എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ എന്നെന്നേക്കുമായി അസ്തമിച്ചുപോയി .

ഇന്നിനിനമ്മിൽഒരാളിന്റെനിദ്രയ്ക്കുമറ്റെയാൾ
കണ്ണിമചിമ്മാതെകാവൽനിന്നീടണം
ഇനി ഞാനുണർന്നിരിക്കാം നീയുറങ്ങുക.

ഭൂമിക്ക് ഒരു ചരമഗീതം മലയാളത്തിലെ ഏറ്റവും മികച്ച പരിസ്ഥിതി കവിതയാണ് .ആഭരണങ്ങൾ കവർന്ന ഭ്രാന്തിയായ ഭൂമിയുടെ ആസന്നമായ സർവനാശത്തെപ്പറ്റി കവി ഈ കവിതയിൽ  വ്യാകുലപ്പെടുകയാണ്. മുണ്ഡിതശിരസ്കയും  ഭ്രഷ്ടയുമായ് ഭൂമി സൗര മണ്ഡല പെരുവഴിയിലൂടെ പോകുന്ന കാലത്തെക്കുറിച്ചുള്ള കവിയുടെ ആശങ്കകളും നിരീക്ഷണങ്ങളും ഈ കവിതയിൽ പങ്കുവയ്ക്കുന്നു .വാഗ്ദത്ത ഭൂമിയെ പറ്റിയുള്ള സ്വപ്നഭംഗങ്ങൾ കവി നമ്മോട് ഒരു കവിതയിൽ പങ്കുവയ്ക്കുന്നുണ്ട് .നമ്മൾ ജീവിക്കുന്ന ഈ മണ്ണ് എല്ലാ നാനാത്വങ്ങളേയും നെഞ്ചേറ്റി ലാളിക്കുന്ന വളക്കൂറുള്ള മണ്ണാണെന്ന് കവി പറയുന്നു .എല്ലാം വളരുന്നു പൂക്കുന്നു കായ്ക്കുന്നു എല്ലാറ്റിനും വളക്കൂറുള്ള നിന്നിൽ.  ഭൂമിയുടെ മക്കളായ പൂക്കളെ സ്നേഹിച്ച കൊതിതീരാത്ത കവിയാണ് ഒഎൻവി കുറുപ്പ് .മാതൃത്വത്തിന്റെയും  വിശുദ്ധിയുടെയും ഒക്കെ പ്രതീകമാണ് അദ്ദേഹത്തിന് പൂക്കൾ .ചോറൂണ് അദ്ദേഹത്തിന്റെ മികച്ച മറ്റൊരു

കവിതയാണ് .വിപ്ലവത്തിന്റെ സൗവർണ്ണ സ്വപ്നങ്ങളിൽനിന്ന് കുടുംബജീവിതത്തിന്റെ കണ്ണീരും, കിനാവും, ആനന്ദവും നിറഞ്ഞ ഉപ്പും ,പുളിയും ,എരിവും ,മധുരവും നിറഞ്ഞ ശാദ്വലഭൂമിയിലേക്ക് കവി പറന്നിറങ്ങുന്ന കവിതയാണ് ചോറൂണ്. കുടുംബജീവിതത്തിലെ പ്രണയ നിർഭയവും ഹീനവുമായ സ്നേഹത്തെ കവി ഇങ്ങനെ അടയാളപ്പെടുത്തുന്നു

നോക്കുന്നമ്മളെനോക്കിയമൈനകൾതങ്ങളിൽ


നർമ്മമധുരമായ്എന്തോമൊഴിഞ്ഞു

കവി ജീവിതം അനുഭവിക്കുകയാണ് .ഇക്കിളികൾ നിറഞ്ഞ സ്വപ്നലോകത്തിൽ നിന്നും യാഥാർഥ്യത്തിന് ഉപ്പും പുളിയും മധുരവും കവി രുചിക്കുകയാണ്. അനുഭവ തീവ്രമായ കവിയുടെ ജീവിതത്തിലെ മായാത്ത പാടുകൾ കവിയെ പുളകിതനാക്കിയിരിക്കാം .ഓർമ്മയിൽ മധുരം നിറച്ച് എല്ലാ ദുഃഖങ്ങളും കാലങ്ങൾക്ക് ശേഷം ആനന്ദമായി തീരുമല്ലോ . മണ്ണിൽ പതിഞ്ഞ കാൽപ്പാടുകൾ മായുന്നു .നെഞ്ചിൽ പതിഞ്ഞുപോയ പാടുകൾ മായുമോ ?സുദീർഘമായ കാവ്യ ജീവിതത്തിനൊടുവിൽ 2016 ഫെബ്രുവരി 13 ന് ഒഎൻവി കുറുപ്പ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

☆☆☆☆ ☆☆☆☆☆☆ ☆☆☆☆

# പി ഭാസ്കരൻ

*-നിവിൻ വി എസ്*



മലയാളകവിതയിലെ സൗന്ദര്യ വ്യാകരണങ്ങൾ തെറ്റിക്കാത്ത കവിയാണ് പി ഭാസ്കരൻ. വാക്കുകളുടെ തെരഞ്ഞെടുപ്പിലും കവിതയുടെ ഭാവത്തിലും പുലർത്തുന്ന ലാവണ്യാത്മക കാവ്യ ദർശനമാണ് പി ഭാസ്കരനെ മലയാളത്തിലെ പ്രിയ

കവിയാക്കിയത് . ലാളിത്യത്തിന്റെ ഗാംഭീര്യവും മലയാളത്തനിമയുടെ സൗന്ദര്യവും കാവ്യത്തിൽ അവതരിപ്പിച്ച മലയാള കാവ്യകലപതികളിൽ അഗ്രഗണ്യൻ ആണ് അദ്ദേഹം . സംഗീത സാഹിത്യ സഭയോടൊപ്പം അല്ലെങ്കിൽ അതിനുമപ്പുറം കാവ്യ രാഗ സംഘങ്ങളിലെ മാനവികത മുന്നിൽ നിർത്തിയ മനുഷ്യകഥാനുഗായകൻ. കവിയായും വിപ്ലവത്തിൻറെ കഠിനമായ യാതനകളിലൂടെയും തീഷ്ണമായ അനുശാസനങ്ങൾക്കിടയിലൂടെയും കടന്നുവന്ന രാഷ്ട്രീയപ്രവർത്തകനായും മലയാള സിനിമ പിച്ചവെച്ചു നടക്കുന്ന നാളുകളിൽ അതിനെ കൈപിടിച്ചുയർത്തിയ കാരണവർ ആയും ഒക്കെ കേരളത്തിന് എണ്ണംപറഞ്ഞ സംഭാവനകൾ നൽകിയ ബഹുമുഖപ്രതിഭ . സർവ്വോപരി മനസ്സിൽ നന്മ നിറഞ്ഞിരുന്ന ഒരു വലിയ മനുഷ്യൻ . ഭാസ്കരൻ മാസ്റ്റർ അങ്ങനെ പലതുമാണ് നമുക്കെല്ലാം .

കൊടുങ്ങല്ലൂരാണ് അദ്ദേഹത്തിൻറെ ജനനം . 1924 ഏപ്രിൽ 21ന് ഭാസ്കരൻമാഷിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ 99 ലെ വെള്ളപ്പൊക്കകാലത്ത് . അച്ഛൻ പ്രശസ്ത സാഹിത്യകാരനും കോൺഗ്രസ് നേതാവും അഭിഭാഷകനും ഒക്കെയായിരുന്ന നന്തിലത്ത് പത്മനാഭമേനോൻ . അമ്മ അമ്മ പുല്ലട് പാടത്ത് അമ്മാളുഅമ്മ . അവരുടെ ഒമ്പത് മക്കളിൽ ആറാമൻ ആയിരുന്ന ഭാസ്കരൻ മാസ്റ്റർ . വള്ളത്തോൾ, നാലപ്പാട്ട് നാരായണമേനോൻ ,കേളപ്പജി ,കോഴിപ്പുറത്ത് മാധവമേനോൻ തുടങ്ങിയ കാവ്യ- രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിലെ മഹാരഥന്മാർ വീട്ടിലെ സ്ഥിരം സന്ദർശകർ . അങ്ങനെ സാഹിത്യവും രാഷ്ട്രീയവും പത്രപ്രവർത്തനവും നിറഞ്ഞുനിന്നിരുന്ന ഒരു ബാല്യം . സ്കൂളിൽ പഠിക്കുമ്പോൾ എന്നപേരിൽ മാതൃഭൂമി ബാലപംക്തിയിൽ എഴുതി സാഹിത്യ കർമ്മങ്ങൾക്ക് നാന്ദികുറിച്ചു . എറണാകുളം മഹാരാജാസിലെ കലാലയ വിദ്യാഭ്യാസകാലത്ത് കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായി . ഒളിവിലും തെളിവിലും നടന്ന പാർട്ടി

പ്രവർത്തനം ജയിൽവാസത്തിൽ കലാശിച്ചു . പുറത്തിറങ്ങിയശേഷം കുറേനാൾ ദേശാഭിമാനിയിൽ .ആ സമയത്ത് ആദ്യ കവിതാസമാഹാരം വില്ലാളി പുറത്തിറങ്ങി . പിന്നീട് വയലാർ- പുന്നപ്ര പ്രക്ഷോഭത്തോടന്റെ ഒരു മറ്റൊലിപോലെ വയലാർ ഗർജ്ജിക്കുന്നു എഴുതി രവി എന്ന തൂലികാനാമത്തിലാണ് ആദ്യം ആ കൃതി പ്രസിദ്ധീകരിച്ചത്. ക്രമേണ പാർട്ടിയുമായി അടുപ്പം ഇല്ലാതെയായി . മദിരാശിയിലെ ജയകേരളം മാസികയുടെ പത്രാധിപരായി ചേർന്നതോടെ രാഷ്ട്രീയരംഗത്ത് നിന്നും പൂർണമായി അകന്നു എന്നു തന്നെ പറയാം. ആ അകൽച്ചയും മദിരാശി വാസവും ഒരു ഉർവശി ശാപം പോലെ മലയാള സിനിമയ്ക്ക് ലഭിച്ച ഒരു വരദാനമായി ഭവിച്ചു എന്നു പറയണം . 1949 എസ് സുഹാസ് നിർമിച്ച അപൂർവ്വസഹോദരങ്ങൾ എന്ന ചിത്രത്തിലെ ഒരു ബഹുഭാഷാ ഗാനത്തിലെ മലയാളത്തിലുള്ള നാലു വരികളാണ് ഭാസ്കരൻ മാഷിനെ ആദ്യ ചലച്ചിത്രഗാനരചന. തലകറക്കം വണ്ടി എന്ന് തുടങ്ങുന്ന ആ പാട്ടിന് ഈണം നൽകിയത് പാർത്ഥസാരഥി എന്ന സംഗീതസംവിധായകൻ. പാടിയത് ആ ചിത്രത്തിലെ നായിക തന്നെയായിരുന്നു പ്രസിദ്ധ നടി ഭാനുമതി. അഞ്ച് പതിറ്റാണ്ടോളം നീണ്ടുനിന്ന ഒരു ചലച്ചിത്ര സഭയുടെ തുടക്കമായിരുന്നു അത് . 1950 ലിറങ്ങിയ ചന്ദ്രികയാണ് അദ്ദേഹം ഗാനരചന നിർവഹിച്ച ആദ്യ മലയാളചിത്രം . പിന്നെ നവലോകം, പുള്ളിമാൻ, തിരമാല തുടങ്ങി ഒട്ടേറെ ചിത്രങ്ങൾ . 2007 വിട പറയുമ്പോഴേക്കും മുന്നൂറിലേറെ ചിത്രങ്ങൾക്കുവേണ്ടി ആയിരത്തിഅഞ്ഞൂറോളം ഗാനങ്ങൾ അദ്ദേഹം ഒരുക്കി . മലയാളിക്ക് ഒരുകാലത്തും മറക്കാൻ പറ്റാത്ത ഒട്ടനവധി മനോഹര ഗാനങ്ങൾ . മലയാള ചലച്ചിത്രഗാനശാഖയുടെ പിതൃസ്ഥാനി എന്നുതന്നെ പറയാം ഭാസ്കരൻ മാസ്റ്ററെക്കുറിച്ച്. അദ്ദേഹം ഗാനരചന തുടങ്ങുന്നതിനുമുമ്പ് വിരലിലെണ്ണാവുന്ന ശബ്ദചിത്രങ്ങൾ മാത്രമേ ഇറങ്ങിയിരുന്നുള്ളൂ പക്ഷേ അതു മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ

സംഭാവന . മലയാളചലച്ചിത്രരംഗത്തിന് ഒരു ദിശാബോധം നൽകിയ ,ഒരു പുതിയ വഴിത്താര വെട്ടിത്തുറന്ന ചിത്രമാണ് നീലക്കുയിൽ . അതിൻറെ പണിപ്പുരയിലെ പ്രഥമൻ അദ്ദേഹം തന്നെ . സിനിമയെ സാമൂഹ്യ യാഥാർത്ഥ്യങ്ങളുമായി ബന്ധിപ്പിച്ച ആദ്യത്തെ മലയാള സിനിമ നീലക്കുയിൽ ആയിരുന്നു . പിന്നീട് അറുപതുകളുടെ രണ്ടാംപാദത്തിൽ ചെമ്മീൻ എന്ന ചിത്രത്തിന്റെ വെള്ളിവെളിച്ചത്തിൽ നിന്ന് മുന്നോട്ടുനീങ്ങാൻ മലയാള സിനിമയ്ക്ക് വീണ്ടും ഒരു പുതിയ പന്ഥാവ് ഒരുക്കിയത് ഭാസ്കരൻ മാഷാണ് . ഇരുട്ടിൻറെ ആത്മാവിലൂടെ. ആകെ 47 സിനിമകൾ സംവിധാനം ചെയ്തു അദ്ദേഹം 8 സിനിമകൾ നിർമ്മിച്ചു . 6 സിനിമയ്ക്ക് തിരക്കഥ ,സംഭാഷണം എന്നിവ നിർവഹിച്ചു . ചില ചിത്രങ്ങളിൽ അഭിനയിച്ചു . സ്വാതന്ത്ര്യസമരസേനാനി, രാഷ്ട്രീയപ്രവർത്തകൻ ,പത്രപ്രവർത്തകൻ, ഗാനരചയിതാവ് ,ചലച്ചിത്രനടൻ, ആകാശവാണി

പ്രൊഡ്യൂസർ ,ഏഷ്യാനെറ്റ് സ്ഥാപക ചെയർമാൻ, കെഎസ്എഫ്ഡിസിയുടെ ചെയർമാൻ ,ജയകേരളം മാസിക ദീപിക വാരിക എന്നിവയുടെ പത്രാധിപസ്ഥാനം ഇത്തരം പല തിരക്കുകൾക്കിടയിലും ഇരുപതിലേറെ കാവ്യ ഗ്രന്ഥങ്ങൾ രചിച്ച് കാവ്യ സുന്ദരിയും തന്നോടൊപ്പം ഉണ്ട് എന്നും നമ്മെയെല്ലാം അദ്ദേഹം ഓർമിപ്പിക്കുന്നു . ഓർക്കുക വല്ലപ്പോഴും, ഒറ്റക്കമ്പിയുള്ള തമ്പുരു , വയലാർ ഗർജ്ജിക്കുന്നു,


ഒസ്യത്ത് ,സത്രത്തിൽ ഒരു രാത്രി ,പാടുന്ന മൺ തരികൾ തുടങ്ങിയവയാണ് പ്രധാനകൃതികൾ . ഒറ്റക്കമ്പിയുള്ള തമ്പുരു എന്ന കൃതിക്ക് 1981 ലെ ഓടക്കുഴൽ പുരസ്കാരവും ,82 ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു . മലയാളത്തിൽ സ്കൂടം ചെയ്തു ഗാനങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. മലയാളമണ്ണിന്റെ നനവും നിലാവിന്റെ കുളിർകാറ്റും ഗന്ധവും മഞ്ഞളിന്റെനിറവും എല്ലാം നിറഞ്ഞ ഒരു സ്വപ്നസപര്യമായിരുന്നു അദ്ദേഹത്തിന്റേത് . കാവ്യാനുശീലതയും

മാനവികതയുടെ ഊർജ്ജവും കാല്പനികതയുടെ കൽപനകളും എല്ലാം ഒന്നുപോലെ ഒത്തിണങ്ങിയിരുന്നു പി ഭാസ്കരൻ മാഷിന്റെ കവിതകളിൽ . നമ്മുടെ ഗൃഹാതുരമായ സ്വപ്നങ്ങളിൽ കാല്പനികമായ ഇന്നലെകളിൽ കവിതകളുടെ അരുണിമയും മാധുര്യവും വിഷാദവും പ്രചോദനവും പ്രതീക്ഷകളും ഒക്കെ കോർത്തിണക്കിയ ഈ കവി ശ്രേഷ്ഠന്റെ ജീവിതസായാഹ്നം ഓർമ്മകളുടെ ഇഴയടുപ്പങ്ങൾക്കപ്പുറം ആയി എന്നത് വളരെ ദുഃഖകരമായ വസ്തുത . 2007 ഫെബ്രുവരി 25 ന് അദ്ദേഹം നമ്മോട് വിടപറഞ്ഞു .

☆☆☆☆☆☆ ☆☆☆☆☆☆ ☆☆☆☆☆☆

# ഹെർമൻഗുണ്ടർട്ട്

- പാർവതി എസ് രാജ്



ഗുണ്ടർട്ട് മലയാള ഭാഷയുടെ വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ച ഒരു പ്രൊട്ടസ്റ്റൻറ് മിഷനറിയായിരുന്നു. ജർമനിയിൽ ജനിച്ച ഗുണ്ടർട്ട് സ്വിറ്റ്സർലൻഡിലും ഇംഗ്ലണ്ടിലും ഉപരിപഠനം


നടത്തി . സ്വിറ്റ്സർലൻഡിലെ സർവകലാശാലയിൽനിന്ന് അദ്ദേഹത്തിന് ഡോക്ടർ ഓഫ് ഫിലോസഫി ബിരുദം ലഭിച്ചു . മിഷനറി പ്രവർത്തനത്തിനു വേണ്ടി 1836 ൽ ഗുണ്ടർട്ട് ഇന്ത്യയിലെത്തി . ബഹുഭാഷാ പണ്ഡിതനായ അദ്ദേഹം ഇന്ത്യയിൽനിന്ന് തമിഴ് തെലുങ്ക് ഹിന്ദി എന്നീ ഭാഷകൾ പഠിച്ചു . 1838 ൽ തിരുവനന്തപുരത്തെത്തിയ ഗുണ്ടർട്ട് സ്വാതി തിരുനാൾ മഹാരാജാവിനെ സന്ദർശിക്കുകയും മലയാളഭാഷയുടെ മഹത്വം മനസ്സിലാക്കുകയും

ചെയ്തു . മിഷനറി പ്രവർത്തനത്തോടൊപ്പം സാഹിത്യ പ്രവർത്തനവും മുടക്കമില്ലാതെ അദ്ദേഹം നടത്തി. തലശ്ശേരിയിൽ ഒരു അച്ചടിശാല ആരംഭിച്ചു . മലയാളം ഇംഗ്ലീഷ് നിഘണ്ടുവായ ഗുണ്ടർട്ട് നിഘണ്ടു അദ്ദേഹത്തിന്റെ അനശ്വരമായ സംഭാവനയാണ്. മലയാളഭാഷയെപ്പറ്റി സൂക്ഷ്മമായും സമഗ്രമായും പഠനം നടത്തിയ ശേഷമാണ് അദ്ദേഹം നിഘണ്ടു തയ്യാറാക്കിയത് . കഠിനാദ്ധ്വാനത്തിലൂടെ ദുർലഭമായ പല ഗ്രന്ഥങ്ങളും ശേഖരിച്ച് മനസ്സിരുത്തി പഠിച്ചാണ് അദ്ദേഹം നിഘണ്ടു പൂർത്തിയാക്കിയത്. മതപരവും മതേതരവുമായ വിഷയങ്ങളിൽ മലയാളത്തിൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ച ഗുണ്ടർട്ടിന്റെ ക്രൈസ്തവ സാഹിത്യകൃതികൾ പഴയനിയമം ,പുതിയനിയമം, ക്രിസ്തുസഭ ചരിതം, മതവിചാരണ, മനുഷ്യഹൃദയം തുടങ്ങിയവയാണ്. മുഹമ്മദ് ചരിതം മുഹമ്മദ് നബിയുടെ ജീവിതത്തെപ്പറ്റി വിശദമാക്കുന്നു .പഴഞ്ചൊൽമാല എന്ന ഗ്രന്ഥത്തിൽ മലയാളത്തിലെ പഴഞ്ചൊല്ലുകൾ നിറഞ്ഞുനിൽക്കുന്നു . പദ്യങ്ങളുടെയും ഗദ്യങ്ങളുടേയും സമാഹാരമാണ് പാഠമാല. ഗുണ്ടർട്ട് മലയാള ഭാഷാവ്യാകരണം മലയാളത്തിലെ ആദ്യ ആധികാരിക വ്യാകരണഗ്രന്ഥം ആണ്. മലയാളഭാഷയ്ക്ക് അദ്ദേഹം നൽകിയ സേവനം എക്കാലവും സ്മരിക്കപ്പെടും

******* ******* ******

# അർദ്ധനഗ്നനായഫക്കീർ

-അക്സ പി സാമുവൽ



1868 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്ദറിൽ കരംചന്ദ്-പുതലീബായി ദമ്പതികളുടെ മകനായി മോഹൻദാസ് കരംചന്ദ് ഗാന്ധി ജനിച്ചു . ലക്ഷ്മിദാസ്, റാലിയത്ത് എന്നിവരായിരുന്നു സഹോദരങ്ങൾ. പഠനത്തിൽ ശരാശരിക്കാരനായിരുന്നു ഗാന്ധി . ബാല്യത്തിൽതന്നെ കസ്തൂർബ ഗാന്ധിയെ വിവാഹം കഴിച്ചു അമ്മയുടെ ഭക്തിയും ലാളിത്യവും ഗാന്ധിജിയിലും ഉണ്ടായിരുന്നു. സത്യ ഹരിശ്ചന്ദ്ര നാടകം അദ്ദേഹത്തെ സത്യസന്ധൻ ആകാൻ പ്രേരണ നൽകി .

ശ്രവൺകുമാർ നാടകം അദ്ദേഹത്തെ സേവനതല്പരനാക്കി.

ചിട്ടയായ പ്രവർത്തന രീതികളിലൂടെ സ്വയം വളരുകയാണ് ഗാന്ധിജി ചെയ്തത്. ബാരിസ്റ്റർ പഠനം ലണ്ടനിലായിരുന്നു. ഒരു വ്യാപാരിയുടെ കേസുമായി ബന്ധപ്പെട്ട് ദക്ഷിണാഫ്രിക്കയിൽ എത്തിയപ്പോഴാണ് ബ്രിട്ടീഷ് ക്രൂരതകൾ ഗാന്ധിജിക്ക് നേരിട്ട് അനുഭവിക്കേണ്ടി വന്നതും അതിനെതിരെ ജനങ്ങളെ സംഘടിപ്പിക്കാൻ ആരംഭിച്ചതും . സത്യത്തെയും അഹിംസയെയും മുറുകെപ്പിടിച്ച ഗാന്ധിജി എപ്പോഴും സ്വന്തം നയങ്ങളിൽ ഉറച്ചുനിൽക്കുന്ന ആളായിരുന്നു. ആർഭാടവും പാഴ്ചെലവും എപ്പോഴും ജീവിതത്തിൽനിന്ന് അകറ്റിനിർത്തിയിരുന്നു ഗാന്ധി . ലാളിത്യത്തെ സ്വന്തം ജീവിതത്തിൽ പകർത്തിയ ഗാന്ധി നല്ല ചിന്തകൾക്കും പ്രവൃത്തികൾക്കും ഊന്നൽ നൽകിയിരുന്നു . എന്റെ ജീവിതമാണ് എന്റെ സന്ദേശം നമ്മിൽ എത്രപേർക്ക് ഇത്തരത്തിൽ പറയാൻ കഴിയും? ദക്ഷിണാഫ്രിക്കയിൽ നിന്ന് തിരിച്ച് ഇന്ത്യയിൽ എത്തിയ ഗാന്ധി ബ്രിട്ടീഷ് ക്രൂരതകൾക്ക് ഇരയാകുകയും അതിനെതിരെ പ്രവർത്തിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തു 250 വർഷത്തെ വിദേശാധിപത്യത്തിനെ തുടച്ചുനീക്കാൻ നമ്മൾ ഭാരതീയരെ പ്രാപ്തരാക്കിയത് ഗാന്ധി എന്ന ഒറ്റയാൾ പോരാളിയാണ് .ചമ്പാരൻ സമരം, ഖിലാഫത്ത് പ്രസ്ഥാനം, നിസ്സഹകരണപ്രസ്ഥാനം, ദണ്ഡി മാർച്ച് ,ഉപ്പുസത്യാഗ്രഹം ,ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം മുതലായ സമരമുറകളിലൂടെ 1947 ഓഗസ്റ്റ് 15 ന് ഇന്ത്യയെ സ്വതന്ത്ര്യയാക്കായ ചോര ചിന്താതെയുള്ള സമരമുറകൾ ഇന്നും ലോകത്തിനാകമാനം മാതൃകയാണ്. മനഃപരിവർത്തനത്തിലൂടെ മഹാശക്തികളായ ഇംഗ്ലീഷ് സാമ്രാജ്യത്തെ ആട്ടിയോടിക്കാൻ ഗാന്ധിജിക്കല്ലാതെ മറ്റാർക്കാണ് ശക്തിയുള്ളത്? ഐൻസ്റ്റീൻ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്

<u>ഇങ്ങനെ രക്തവും മാംസവുമുള്ള ഇത്തരത്തിൽ ഒരാൾ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കാൻ വരുംതലമുറയ്ക്ക് പ്രയാസമായിരിക്കും.</u> എന്റെ ഗുരുനാഥൻ എന്ന കവിതയിൽ വള്ളത്തോൾ എഴുതി

ക്രിസ്തുദേവന്റെ പരിത്യാഗശീലവും
സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും രന്തിദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും മുഹമ്മദിൻ
സ്ഥൈര്യവും ഒരാളിൽ ചേർന്നൊത്തു കാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തിൽ
അല്ലായ്കിൽ അവിടത്തെ ചരിത്രം വായിക്കുവിൻ

മഹാനായ ആ സന്യാസിയെ സർ വിൻസ്റ്റൺ ചർച്ചിൽ വിശേഷിപ്പിച്ചത് അർദ്ധനഗ്നനായ ഫക്കീർ എന്നാണ്. 1948 ജനുവരി 30 ന് വൈകുന്നേരം നാഥുറാം വിനായക് ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് ഗാന്ധിജി മരിച്ചു .മരിച്ചാലും മരിക്കാത്ത ഓർമകളും നന്മകളും ഓരോ ഭാരതീയന്റേയും നെഞ്ചിൽ ബാക്കിയാക്കി കടന്നുപോയ ആ മഹാനുഭാവന് കോടികോടി പ്രണാമങ്ങൾ .

*****        *****        *****

# ഗാന്ധിജയന്തി

*-സിബിൻ*



ഒന്നര നൂറ്റാണ്ടുമുമ്പ് തെളിഞ്ഞ ആ പ്രകാശജ്വാല ഒളിമങ്ങാതെ ഇപ്പോഴും ലോകത്തിന് വഴികാട്ടി നിൽക്കുന്നു. മഹാത്മാഗാന്ധി അഹിംസയെയും


സത്യത്തെയും സഹനത്തെയും മുറുകെപ്പിടിച്ചുകൊണ്ട് ഭാരതീയരെ അധിനിവേശത്തിന്റെ ഇരുട്ടിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചത്തിലേക്ക് നയിച്ച ആ പവിത്ര പാദനിൽ നിരായുധനായ വിമോചന പോരാളിയും ശാന്തനായ ഋഷിയും മനുഷ്യ ഭാവിയ്ക്ക് വഴികാട്ടിയായ ദാർശനികനും ഒത്തുചേരുന്നു. സ്വന്തം ജീവിതത്തെ സത്യാന്വേഷണത്തിന്റെയും മനുഷ്യ-പ്രകൃതി പ്രേമത്തിന്റെയും പരീക്ഷണശാലയാക്കിയ ആ മഹാഗുരുവിൻറെ 150 ആം ജന്മ വാർഷികം ഭാരതത്തിനു മാത്രമല്ല ലോകത്തിനു മുഴുവനും പുണ്യദിനമാണ്. തന്റെ ജീവിത ഘട്ടം കഴിഞ്ഞിട്ടും ലോകത്തിന് വെളിച്ചമായി നിൽക്കുന്ന ഒരു ദർശനവും ധർമ്മ ഭാവനയും അവതരിപ്പിച്ച ഇന്നത്തെയും നാളത്തെയും പ്രതിസന്ധികളെ നേരിടാൻ മനുഷ്യനെ പ്രാപ്തനാക്കുക എന്നതാണ് മഹാത്മാഗാന്ധിയെ മാനവ കുലത്തിലെ മഹാപ്രവാചകർ ക്കൊപ്പം നിർത്തുന്നതും. അഹിംസയുടെയും സത്യാഗ്രഹത്തിന്റേയും സമരമാർഗ്ഗങ്ങളിലൂടെ രാഷ്ട്രീയ ദർശനങ്ങളെല്ലാം മാറ്റിമറിച്ച ഗാന്ധിജി സത്യമാണ് ദൈവം എന്ന തത്വത്തിൽ തത്വചിന്തയിലും മൗലികമായ ഒരു വഴി തുറന്നു. മനുഷ്യരെയും സസ്യ- ജന്തുക്കളെയും എല്ലാം പ്രപഞ്ചത്തിന്റെ അവിഭാജ്യഘടകങ്ങളായി കാണുന്നതാണ് അദ്ദേഹത്തിൻറെ ദർശനം .പ്രകൃതിയെ മറക്കുന്ന അന്ധമായ പുരോഗമനവാദത്തിലും വ്യവസായവികസനത്തിലൂന്നിയ യൂറോപ്യൻ ആധുനികതയുടെ വിമർശകനായിരുന്നു ഗാന്ധിജി. ഇന്ത്യയ്ക്ക് തനതായൊരു രാഷ്ട്രീയ പ്രയോഗ പദ്ധതി രൂപപ്പെടുത്തി യതിന്റെ ഫലങ്ങളാണ് ഇന്ത്യയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും. വസ്തുതയെ മൂല്യത്തിൽ നിന്നും ശാസ്ത്രത്തെ വിശ്വാസത്തിൽ നിന്നും രാഷ്ട്രീയത്തെ മതത്തിൽ നിന്നും വധുവിനെ സ്വകാര്യത്തിൽ നിന്നും സിദ്ധാന്തത്തെ പ്രയോഗത്തിൽ നിന്നും മാർഗ്ഗത്തെ ലക്ഷ്യത്തിൽ നിന്നും മനുഷ്യനെ പ്രകൃതിയിൽനിന്നും വേർപെടുത്തുന്നത്

ആയിരുന്നില്ല ഗാന്ധിജിയുടെ ജീവിതവും ദർശനവും. ദ്വന്ദ്വങ്ങളുടെ പരസ്പരാശ്രിതത്വത്തിനാണ് അദ്ദേഹം ഊന്നൽ നൽകിയത്. ചെറുതിന്റെ ഉപാസകനായിരുന്ന കർമ്മയോഗിയായ ജീവിച്ച ഗാന്ധിജി .കേന്ദ്രീകൃത അധികാരത്തിനു പകരം ഗ്രാമ ജനാധിപത്യത്തിലും സഹിഷ്ണുതയിലും പ്രകൃതിയുടെ ജീവത സൂക്ഷ്മതകളും വിശ്വസിച്ച അദ്ദേഹം രാഷ്ട്രീയ ചിന്തകനും മത ചിന്തകനും ധർമജനും എന്നപോലെ ആധുനികമായ പരിസ്ഥിതി ചിന്തയുടെ പ്രയോക്താക്കളിൽ ഒരാളുമാണ് .ആ ഭാവി ദർശനം ഗാന്ധിജിയെ നിത്യ പ്രശസ്തനായി നിലനിർത്തുന്നു. മതാന്ധതയും ,വികസനഭ്രാന്തും, പ്രകൃതി ചൂഷണവും നിറഞ്ഞ ഇന്നത്തെ ലോകത്തിനുള്ള ഔഷധം നിർദ്ദേശിക്കുന്ന മഹാഭിഷഗ്വരൻആക്കിമാറ്റുന്നു. മനുഷ്യന്റെയും പ്രകൃതിയുടെയും ഭാവിയെക്കുറിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും ഉള്ള അവസരമാണ് ഗാന്ധിജയന്തി ദിനം നമുക്ക് തരുന്നത്.

*****          *****          *****

# ഗാന്ധിവചനങ്ങൾ

-ജിസാ ജോസഫ്



**ഭയപ്പെടുത്തി ഉണ്ടാക്കുന്ന നിശബ്ദത യഥാർത്ഥ നിശബ്ദത അല്ല .**

ലാളിത്യത്തിൽ ആണ് യഥാർത്ഥ നന്മയും മഹത്വമുള്ളത് സമ്പന്നതയിൽ അല്ല.

മറ്റുള്ളവരിൽ കുറ്റം കണ്ടെത്താൻ ശ്രമിക്കുന്നവർക്ക് സ്വന്തം തെറ്റ് കാണാനാവില്ല .

സത്യമാണെങ്കിൽ ഒരു വാക്ക് തന്നെ ധാരാളം അസഭ്യവാക്കുകൾ എത്രയുണ്ടെങ്കിലും പ്രയോജനം ചെയ്യില്ല .

മുള്ളുകൾ നിറഞ്ഞ പനിനീർച്ചെടി പോലെ തന്നെയാണ് ജീവിതവും.

ഗുരു പൂർണനാകണം അത് ദൈവം മാത്രമാണ് .

അധ്വാനിക്കാതെ കഴിക്കുന്ന ഭക്ഷണം മോഷ്ടിച്ച ഭക്ഷണമാണ്.

പട്ടിണിയായ മനുഷ്യന്റെ മുന്നിൽ അപ്പത്തിന് ദൈവത്തിൻറെ രൂപമാണ് .

കടങ്ങൾ വീട്ടേണ്ടത് വാക്കുകൾ കൊണ്ടല്ല പ്രവർത്തികൾ കൊണ്ടാണ്.

അസത്യത്തിന്റെ ഒരു തുള്ളി വിഷം മതി സത്യത്തിന്റെ ക്ഷീരസാഗരത്തെതന്നെ വിഷമയമാക്കാൻ.

**** ***** *****

# ഗാന്ധിമാർഇങ്ങനെയും

*-വിശ്ലേഷ്*

## കേരള ഗാന്ധി




–

കേരളത്തിലെ പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന കെ കേളപ്പൻ. യഥാർത്ഥനാമം കോയിപ്പള്ളി കേളപ്പൻ നായർ എന്നാണ്. സ്വാതന്ത്ര്യസമരസേനാനി, പത്രപ്രവർത്തകൻ, അധ്യാപകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കെ കേളപ്പൻ കോഴിക്കോട് ജില്ലയിൽ ജനിച്ചു ഗാന്ധിയൻ ആഹ്വാനങ്ങളിൽ പ്രചോദിതനായി ദേശീയ പ്രസ്ഥാനത്തിൽ അണിചേർന്നു .പഠനം പാതിവഴിയിലുപേക്ഷിച്ച കെ കേളപ്പൻ വിമോചന പ്രസ്ഥാനത്തിനു

**അമരക്കാരനാവുകയും ഗാന്ധിയൻ ആശയങ്ങൾ പിന്തുടരുകയും ചെയ്തു. സമാനതകളില്ലാത്ത ആ ഗാന്ധിയനെ ലോകം കേരള ഗാന്ധി എന്നു വിളിച്ചു.**


## മയ്യഴി ഗാന്ധി



–


**മയ്യഴി ഗാന്ധി എന്ന പേരിൽ അറിയപ്പെടുന്നത് ഐ കെ കുമാരൻ മാസ്റ്ററാണ്. മയ്യഴിയിലെ ഫ്രഞ്ച് അധിനിവേശത്തിനെതിരെ ഗാന്ധിയൻ സമരമുറകളിലൂടെ കുമാരൻ ചരിത്രത്തിൽ ചിരപ്രതിഷ്ഠനേടി. ഖാദി പ്രചാരണം, അയിത്തോച്ചാടനം, മിശ്രഭോജനം, ഭൂദാനം ,ഹരിജനോദ്ധാരണം തുടങ്ങിയ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതിന് രണ്ടു വർഷക്കാലം ജയിലിൽ തടവിൽ കഴിഞ്ഞു .**

## ബീഹാർ ഗാന്ധി



ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായിരുന്ന ഡോക്ടർ രാജേന്ദ്രപ്രസാദ് ബീഹാർ ഗാന്ധി എന്നറിയപ്പെടുന്നു അധ്യാപകനായിരുന്ന അദ്ദേഹം നിയമ പഠനത്തിന് ശേഷം ഗാന്ധിയൻ പ്രവർത്തനങ്ങളിൽ ആകൃഷ്ടനാവുകയും രാഷ്ട്രീയത്തിൽ പ്രവേശിക്കുകയും ചെയ്തു. ചമ്പാരൻ സമരത്തിൽ ഗാന്ധിജിയോടൊപ്പം പ്രവർത്തിക്കുകയും നിസ്സഹകരണ പ്രസ്ഥാന കാലഘട്ടത്തിൽ ഗാന്ധിജിയുടെ ആഹ്വാനപ്രകാരം യൂണിവേഴ്സിറ്റി ജോലിയും അഭിഭാഷകവൃത്തിയും ഉപേക്ഷിക്കുകയും ചെയ്തു.

## <u>അതിർത്തി ഗാന്ധി</u>



ഭാരതത്തിൻറെ വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ അഷ്ട

നഗർ എന്ന സ്ഥലത്ത് 1890 ലാണ് അതിർത്തി ഗാന്ധി എന്നറിയപ്പെടുന്ന ഖാൻ അബ്ദുൽ ഗാഫർ ഖാൻ ജനിച്ചത് .അദ്ദേഹത്തിന്റെ മറ്റൊരു നാമം ബാദുഷാ ഖാൻ എന്നായിരുന്നു 1919-ലെ റീലക്ട് നിയമത്തിനെതിരെയുള്ള പ്രക്ഷോഭകാലത്താണ് മഹാത്മാഗാന്ധിയെ ഖാൻ കണ്ടുമുട്ടുന്നത്. തുടർന്ന് ഗാന്ധിജിയുടെ നിർദ്ദേശാനുസരണം ഖിലാഫത്ത് പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു. 1987 ഇന്ത്യയിലെ പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി രാജ്യം ആദരിച്ചു.


## ആധുനിക ഗാന്ധി



–

ഭാരതീയനായ ബാബ ആംതെ യാണ് ആധുനിക ഗാന്ധി എന്ന വിശേഷണത്തിൽ അറിയപ്പെടുന്നത്. മുഴുവൻ പേര് മുരളീധർ ദേവിദാസ് ആമ്ടെ എന്നാണ്. മഹാരാഷ്ട്രയിലെ വാറയാണ് സ്വദേശം. ഗാന്ധിജി, ആചാര്യ വിനോബാ ഭാവേ എന്നിവരോടൊപ്പം ആമ്ടെ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു. അദ്ദേഹം സ്ഥാപിച്ച ആനന്ദഭവൻ എന്ന പ്രസ്ഥാനം ലോകത്താകമാനം സാമൂഹ്യപ്രവർത്തനങ്ങൾക്ക് പ്രചോദനമാണ് .

## <u>ആഫ്രിക്കൻ ഗാന്ധി</u>



സാംബിയ എന്ന ആഫ്രിക്കൻ രാഷ്ട്രത്തിന്റെ പ്രഥമ രാഷ്ട്രപതിയായ കെന്നത്ത് ബുഴിയാക്കൗണ്ടാണ് ആഫ്രിക്കൻ ഗാന്ധി എന്നറിയപ്പെടുന്നത്. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയും ബ്രിട്ടീഷുകാരുടെ ആഫ്രിക്കൻ


ചൂഷണത്തിനെതിരെയും കൗണ്ട് ശക്തമായ സമരപരിപാടികൾ സംഘടിപ്പിച്ചു. മഹാത്മാഗാന്ധി യുടെ പാതപിന്തുടർന്ന് കൗണ്ട് ആഫ്രിക്കയിൽ സിവിൽ ഡിസ്ഒബീഡിയൻസിന് ആഹ്വാനം ചെയ്തു. പ്രവർത്തന മണ്ഡലങ്ങളിലെല്ലാം ഗാന്ധിയൻ മാതൃക പിന്തുടർന്ന അദ്ദേഹത്തിന് 2012 ലെ മഹാത്മാഗാന്ധി അന്താരാഷ്ട്രപുരസ്കാരം നൽകിയിട്ടുണ്ട് .

## ശ്രീലങ്കൻ ഗാന്ധി



ശ്രീലങ്കയിലെ സർവ്വോദയ ശ്രമദാന മഹാപ്രസ്ഥാനത്തിന് രൂപം നൽകിയ മഹാനായ എ ടി അരിയ രത്നയാണ് ശ്രീലങ്കൻ ഗാന്ധി . മഹാത്മാഗാന്ധിയുടെ അടിസ്ഥാന ആഹ്വാനങ്ങൾ ആയ അഹിംസയിലും സമാധാനത്തിലും അടിയുറച്ച് വിശ്വസിച്ച അദ്ദേഹത്തിന് ഗാന്ധി സമാധാന സമ്മാനം ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട് .

## ദക്ഷിണാഫ്രിക്കൻ ഗാന്ധി



അഹിംസയിലൂടെയും സഹനസമരത്തിലൂടെയും ലോകശ്രദ്ധയാകർഷിച്ച നെൽസൺ മണ്ടേല ദക്ഷിണാഫ്രിക്കൻ ഗാന്ധി എന്നറിയപ്പെടുന്നു. ഭാരതവുമായി സവിശേഷമായ ബന്ധമാണ് മരണംവരെയും മണ്ടേല പുലർത്തിപ്പോന്നത് 27 വർഷത്തെ നീണ്ട ജയിൽവാസത്തിനുശേഷം ഇന്ത്യയിലേക്കാണ് അദ്ദേഹം തന്റെ ആദ്യ വിദേശ സന്ദർശനം നടത്തിയത് രാഷ്ട്രീയ ഗുരുവായും മാതൃകാപുരുഷനായുമാണ് മഹാത്മാഗാന്ധിയെ അദ്ദേഹം വിശേഷിപ്പിച്ചത്.

## ടാൻസാനിയൻ ഗാന്ധി



താൻസാനിയയിലെ കോളനി വിരുദ്ധ സമരങ്ങൾക്ക് ചുക്കാൻപിടിച്ച ഗാന്ധിയൻ ചിന്താഗതിക്കാരനാണ് ജൂലിയസ് നരേരെ. തികച്ചും സമാധാനപൂർണ്ണമായിരുന്നു നരേരെയുടെ കോളനിവിരുദ്ധസമരങ്ങളെല്ലാം. രക്തം ചിന്താതെയും അഹിംസാമാർഗ്ഗത്തിൽ ഉറച്ചുനിന്നും ടാൻസാനിയയുടെ സ്വാതന്ത്ര്യത്തിനും പുരോഗതിക്കായുംജൂലിയസ് നരേര നിലകൊണ്ടു.

☆☆☆☆ ☆☆☆☆☆ ☆☆☆☆

# എന്റെ പൈതൃക അഭിമാനങ്ങൾ

-വൈഷ്ണവി ജെ

## ആറന്മുള കണ്ണാടി



ലോകത്തിനുമുമ്പിൽ കേരളത്തിന്റെ പൈതൃക ബിംബമാണ് ആറന്മുളയിൽ പരമ്പരാഗതമായി നിർമ്മിച്ചു വരുന്ന ആറന്മുള കണ്ണാടി .അപൂർവ്വ ലോഹക്കൂട്ടുകൾ പ്രത്യേക അനുപാതത്തിൽ മൂശയിൽ ഉരുക്കിയാണ് നിർമ്മാണം.ആറന്മുള കണ്ണാടി വസ്തുക്കളെ പ്രതിഫലിപ്പിക്കുന്നത് അതിന്റെ മിനുക്കിയെടുത്ത മേൽ പ്രതലത്തിൽ

ത്തന്നെയാണ്.

## മലബാർ കുരുമുളക്



മലബാർ മേഖലയിൽ കൃഷി ചെയ്യുന്ന ഒരു പരമ്പരാഗത കുരുമുളകിനം.മലബാർ പെപ്പർ എന്ന പേരിൽ യൂറോപ്യൻ രാജ്യങ്ങളിൽ കീർത്തികേട്ടതാണിത്.

## നവര അരി



ഔഷധഗുണമുള്ള നവര അരി വർഷത്തിൽ രണ്ടുപ്രാവശ്യം കൃഷിചെയ്യുന്നു. പാലക്കാടിന്റെ ചില പ്രദേശങ്ങളിൽ ജൈവരീതിയിൽ പരമ്പരാഗതമായി വിളയിക്കപ്പെടുന്നു.ആയുർവ്വേദത്തിൽ വളരെ വലിയ സ്ഥാനമുണ്ട്.

## പയ്യന്നൂർ പവിത്രമോതിരം



കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ഗ്രാമത്തിൽ നിർമ്മിക്കുന്ന പ്രശസ്തമായ മോതിരം ആണിത് .സ്വർണത്തിലും വെള്ളിയിലും ദർഭപ്പുല്ല് കൊണ്ട് നിർമ്മിക്കുന്ന പവിത്രമോതിരത്തിൽ ത്രിമൂർത്തികളുടെ സാന്നിധ്യമുണ്ടെന്നാണ് വിശ്വാസം. പവിത്രം ധരിക്കുന്ന കൈകൾക്ക് പാദസ്പർശം ഉണ്ടാകില്ലെന്ന് വിശ്വാസം .

## ബാലരാമപുരം കൈത്തറി



നെയ്ത്തിൽ പ്രത്യേക പ്രാവീണ്യമുള്ളവരാണ് തമിഴ്നാട്ടിലെ ശാലി ഗോത്രക്കാർ. ഇവരിൽ പത്തു കുടുംബങ്ങളെ തിരുവിതാംകൂർ മഹാരാജാവ് ബാലരാമവർമ്മ കേരളത്തിലേക്ക് കൊണ്ടുവന്നു .നെയ്യാറ്റിൻകരയ്ക്ക് സമീപമുള്ള അന്തിക്കാട് ഇവർക്ക് താമസസൗകര്യം ഒരുക്കി .മഹാരാജാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ സ്മരണാർത്ഥം അന്തിക്കാട് ബാലരാമപുരം എന്നറിയപ്പെട്ടു. ശാലി ഗോത്രക്കാർ നെയ്യുന്ന വസ്ത്രങ്ങൾ ബാലരാമപുരം കൈത്തറി എന്നും.

## നിലമ്പൂർ തേക്ക്



മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിലുള്ള കോലി തോട്ടം ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്ക് തോട്ടം ആണ് 50 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇവിടുത്തെ തേക്ക് മരങ്ങളുടെ വാർഷിക വളയങ്ങളും ഗന്ധവും ലോകപ്രശസ്തമാണ്.

## കുത്താമ്പുള്ളി സെറ്റും മുണ്ടും



തൃശ്ശൂർ -പാലക്കാട് അതിർത്തിയിൽ ഭാരതപ്പുഴയുടെ തീരത്താണ് കുത്താമ്പുള്ളി നെയ്ത്തു ഗ്രാമം .കുത്താമ്പുള്ളി സാരികൾ പ്രധാനമായും നെയ്തെടുക്കുന്നത് പഴയ മൈസൂർ സംസ്ഥാനത്ത് വേരുകളുള്ള നെയ്ത്തുകുലമായ ദേവാംഗ് സമുദായത്തിൽപ്പെട്ടവരാണ്. 400 വർഷം മുമ്പ് കൊച്ചി രാജകുടുംബത്തിന് വസ്ത്രം നെയ്യാനായി മഹാരാജാവിന്റെ പ്രത്യേക ക്ഷണപ്രകാരം എത്തി ഇവിടെ

താമസമാക്കിയവരുടെ പിൻതലമുറക്കാരായ അഞ്ഞൂറോളം കുടുംബങ്ങളാണ് ഇപ്പോൾ കുത്താമ്പുള്ളി സാരികൾ നെയ്യുന്നത് .

## ആലപ്പുഴ ഏലം



രാജഭരണകാലത്ത് സംഭരിച്ചിരുന്ന ഏലത്തിന്റെ ഏറ്റവും ഗുണമേന്മയുള്ള പങ്ക് വിദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ആലപ്പുഴ തുറമുഖം വഴി വൻതോതിൽ കയറ്റുമതി ചെയ്തിരുന്നതിനാൽ ആലപ്പി ഗ്രീൻ കാർഡമം എന്ന വ്യാപാര നാമത്തിൽ ലോകപ്രശസ്തമായി .

## തഴപ്പായ



കൈത ,ആറ്റുകൈത എന്നൊക്കെ അറിയപ്പെടുന്ന തഴച്ചെടിയുടെ ഇല മുള്ളുകൾ കളഞ്ഞശേഷം പുഴുങ്ങി ഉണക്കി കീറിയെടുത്താണ് തഴപ്പായ

ഉണ്ടാക്കുന്നത്. തഴപ്പായ നിർമ്മാണത്തിന് കീർത്തികേട്ട ഗ്രാമമാണ് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിക്കടുത്തുള്ള തഴവ .

## വാഴക്കുളം പൈനാപ്പിൾ



പൈനാപ്പിളിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ ഉല്പാദന കേന്ദ്രമാണ് എറണാകുളം ജില്ലയിലെ വാഴക്കുളം .1945 മുതൽ ഇവിടെ പൈനാപ്പിൾ മുഖ്യവിള ആയിരുന്നു പിന്നീട് മറ്റുഗ്രാമങ്ങളിലേക്കും കൃഷി വ്യാപിപ്പിച്ചു .

☆☆☆☆ ☆☆☆☆☆ ☆☆☆☆

# ചില ആനക്കാര്യങ്ങൾ

-വൈഷ്ണവ് ജെ

എസ്ആന നടത്തം വളരെ സാവധാനത്തിലാണ് മണിക്കൂറിൽ 4 കിലോമീറ്റർ .

ഒരാന ഏകദേശം 200 മുതൽ 255 ലിറ്റർ വെള്ളം ഒരു ദിവസം കുടിക്കും ഒരുപ്രാവശ്യം 50 മുതൽ 60 ലിറ്റർ വരെ .

തുമ്പിക്കൈയ്യിൽ 6 മുതൽ 10 ലിറ്റർ വെള്ളം കൊള്ളും .

ചെറിയ ദൂരം അതിവേഗം ഓടും മണിക്കൂറിൽ 25 മുതൽ 40 കിലോമീറ്റർ വരെ .

മനുഷ്യർക്ക് കേൾക്കാൻ കഴിയാത്ത ശബ്ദതരംഗങ്ങൾ കേൾക്കാൻ കഴിയും .

ആനകൾ പ്രത്യേകതരം ശബ്ദതരംഗങ്ങൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നു .

കാഴ്ചശക്തി വളരെ കുറവാണെങ്കിലും മണം പിടിക്കാൻ കഴിവ് കൂടുതലാണ് .

ധാരാളം സമയം വെള്ളത്തിൽ ചെലവഴിക്കും .

വിയർപ്പ് ഗ്രന്ഥികൾ വളരെ കുറവായതുകൊണ്ട് അവ വിയർക്കാറില്ല .

ശരീരത്തിൽ നഖങ്ങൾക്ക് മുകളിൽ മാത്രമാണ് വിയർപ്പ് ഗ്രന്ഥികൾ ഉള്ളത് .

പ്രത്യേക മണങ്ങൾ വർഷങ്ങളോളം ഓർത്തുവയ്ക്കും.

ആനകൾക്ക് ഒരുതവണ വായിൽ രണ്ടുജോഡി പല്ലുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ .

മൊത്തം ജീവിതകാലത്തിൽ ആനകൾക്ക് പല്ലുകൾ അഞ്ചുതവണ മാറിവരുന്നു.

മുകളിലെ മുൻ പല്ലുകൾ വളർന്നാണ് ആനക്കൊമ്പുകൾ ആകുന്നത്.

മൂക്കും മേൽച്ചുണ്ടും ചേർന്നാണ് തുമ്പിക്കൈ രൂപപ്പെടുന്നത് .

കണ്ണുനീർ കുഴലുകൾ ഇല്ല അതുകൊണ്ട് കണ്ണിൽനിന്ന് എപ്പോഴും വെള്ളം ഒഴുകുന്നു .

ആനയുടെ തൊലി വളരെ കട്ടിയേറിയതാണ് .

ജനിച്ചയുടൻ ആനക്കുട്ടിയ്ക്ക് 90 മുതൽ 100 കിലോവരെ തൂക്കവും 90 മുതൽ 100 സെൻറിമീറ്റർ ഉയരവും ഉണ്ടാകും .

കാട്ടാനകൾ 4 മുതൽ 5 വർഷം വരെ കുട്ടിക്ക് മുലയൂട്ടും നാട്ടാനകളിൽ ഇവർ രണ്ടു വർഷം മാത്രമാണ് .

കഴുത്ത് വളരെ ചെറുതാണ് .

ആനകളുടെ കരളിന് പിത്തസഞ്ചി ഇല്ല .

സന്ധിവാതം ആനകൾക്ക് സാധാരണയായി വരാറുള്ള ഒരു രോഗമാണ് .

ആനകൾക്ക് വളരെ നേരം നിൽക്കാൻ കഴിയും രാത്രികാലങ്ങളിൽ മാത്രമാണ് കിടക്കുന്നത് .

ദിവസം 50 ലിറ്റർ മുതൽ 60 ലിറ്റർ വരെ മൂത്രം വിസർജിക്കും .

ആനകൾക്ക് അതിശക്തമായ ഓർമ്മശക്തി ഉണ്ട് .

കാട്ടാനകൾ കൂട്ടമായി മാത്രമേ ജീവിക്കാറുള്ളൂ.

കാട്ടാനക്കൂട്ടത്തെ നയിക്കുന്നത് മുതിർന്ന പിടിയാന ആയിരിക്കും .

ആനക്കൂട്ടത്തിലെ കൊമ്പന്മാർ കൂട്ടത്തിൽനിന്ന് പൊതുവെ അൽപം വിട്ടു നിൽക്കാറുണ്ട്.

☆☆☆☆☆ ☆☆☆☆☆☆ ☆☆☆☆☆

# അമ്മേ നീ ജന്മസാഫല്യം

*-മീനകൃഷ്ണ ആർ*

**അമ്മേനീജന്മസാഫല്യം**
**ആകാശനക്ഷത്രംപോൽതിളങ്ങുന്നമ്മ**

**ആവണിപ്പൂപോൽമയങ്ങുന്നമ്മ**
**അമ്മടിത്തട്ടിലൊന്ന്  തലചായ്ച്ചുറങ്ങുവാൻ**
**അമ്മേഅമ്മേനീയൊന്നനന്മ**
**ആദ്യാക്ഷരമെന്നുംഅഎന്നോതുവാൻ**
**കവിളത്തൊരുമുത്തംനൽകുവാൻ**
**അക്കൈകൊണ്ടുള്ളൊരുരുളചോറുണ്ണുവാൻഎന്നും**
**അമ്മേ അമ്മേ നിൻ പകരമാര് ചൊല്ലൂ**
**ആക്ഷേപവാക്കുകൾനന്മയായിമാറുവാൻ**
**അച്ഛനെന്നോതുമ്പോഴുംഅമ്മനിമാത്രമാം**
**ആയിരംപേരുകൾമുത്തങ്ങൾനൽകിയാലും**
**അപ്പൊന്നു  മുത്തം മാത്രം ഈ ജന്മസാഫല്യം**

☆☆☆☆ ☆☆☆☆☆ ☆☆☆☆

# കടങ്കഥകൾ

*-രമ്യാരാജൻ*

അടുപ്പിൻ തിണ്ണയിൽ അമ്മായിയമ്മ       പൂച്ച

ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ കുഞ്ഞിത്തെയ്യം തുള്ളിത്തുള്ളി    അരി തിളയ്ക്കുക

എന്റെ അമ്മയ്ക്ക് തോളോളം വള       അടയ്ക്കാമരം

നല്ലമ്മ കുളിക്കാൻ പോയി കുളിച്ചു വരുമ്പോൾ മേലൊക്കെ വസൂരി       പപ്പടം

അച്ഛൻ സൂര്യൻ, അമ്മ സമുദ്രം ,കുടിൽ തൊട്ടു കൊട്ടാരം വരെ പ്രവേശനമുണ്ട് കൂടിയാൽ തെറ്റ്       ഉപ്പ്

അച്ഛൻ ഒരു ഉരുള തന്നു തിന്നിട്ടും തിന്നിട്ടും തീരുന്നില്ല       ചുണ്ണാമ്പ്

ഒരമ്മ പെറ്റതെല്ലാം വെണ്ണീറിൽ വെടിവെച്ച പോലെ       കവുങ്ങ്

കാട്ടിലൊരു അമ്മ കണ്ണെഴുതി നിൽക്കുന്നു       കുന്നിക്കുരു

**രണ്ട് അമ്മയ്ക്ക് കൂടി ഒരു തലയണ വരമ്പ്**

**ഒരമ്മ പെറ്റ മക്കളെല്ലാം ചാടിച്ചാടി തവളക്കുഞ്ഞ്**

**അമ്മ കിടക്കയിൽ മകൾ നൃത്തശാലയിൽ അമ്മിക്കല്ല്**

**അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ ചാവും ഉപ്പ്**

**ചുവന്ന മകൻ കുളിച്ചാൽ കറുത്തവൻ ആകും തീക്കട്ട**

**ഉടുതുണിയില്ലാത്ത മകൻ കുടചൂടി നിൽക്കുന്നു തെങ്ങ്**

**കുറ്റിക്കാട്ടിൽ സിംഹക്കുട്ടി പേൻ**

**കാട്ടിൽ കിടന്നവൻ വയസ്സനു കൂട്ട് വടി**

**അടി പാറ ,നടുവ് വടി തല തുപ്പ് ചേന**

**ആനയ്ക്ക് നിൽക്കാൻ നിഴലുണ്ട് ഉപ്പ് പൊതിയാൻ ഇലയില്ല പുളി**

**പച്ച കാട്ടിൽ തവിട്ട കൊട്ടാരം അതിനുള്ളിൽ വെള്ളക്കൊട്ടാരം അതിനുള്ളിൽ കൊച്ചു തടാകം തേങ്ങ**

മുള്ളുണ്ട് മുരിക്കല്ല, കയ്പുണ്ട് കാഞ്ഞിരമല്ല പാവയ്ക്ക

വഴിപ്പൊത്തിൽ വൈരക്കല്ല് മിന്നാമിനുങ്ങ്

പാടുന്നുണ്ട് പറക്കുന്നുണ്ട് കണ്ണിൽ കാണാനൊക്കില്ല കാറ്റ്

ഉറക്കം ഉണ്ട് കണ്ണടയ്ക്കില്ല മത്സ്യം

വനപ്പൊത്തിൽ പൊന്നെഴുത്താണി ചേര

വയറിന്മേൽ കണ്ണൻ ഞണ്ട്

സുന്ദരൻ എങ്കിലും ഒറ്റക്കണ്ണൻ അടയ്ക്ക

അറയ്ക്കകത്തു വെള്ളവടി വാഴപ്പിണ്ടി

വെള്ള കാളക്ക് ഒറ്റക്കൊമ്പ് കിണ്ടി

മണ്ണിനുള്ളിൽ മഞ്ഞ നൂല് മഞ്ഞൾ

അമ്മയെ കുത്തി മകൻ ചത്തു തീപ്പെട്ടിക്കൊള്ളി

വരമ്പത്ത് ഇരുന്നു വാലുകൊണ്ട് വെള്ളം കുടിച്ചു        നിലവിളക്ക്

അപ്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട്        ആമ

വായില്ല നാക്കുണ്ട് നാക്കിന്മേൽ പല്ലുണ്ട്        ചിരവ

എട്ടെല്ലൻ കുട്ടപ്പൻ ഒറ്റക്കാലൻ        കുട

കാൽ ഇല്ലെങ്കിലും നാടാകെ ഓടും        മേഘം

ഒരു തൊഴുത്തിൽ മുപ്പത്തിരണ്ട് വെള്ളക്കാള        പല്ല്

മുറ്റത്തെ ചെപ്പിനടപ്പില്ല        കിണർ

കാട്ടിൽ ഒരുപിടി പഴയരി        ചിതൽ

**** ***** ****

# ശൈലികൾ

-ദേവിക

അടയ്ക്ക മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ ?രമ്യാരാജൻ

അടിതെറ്റിയാൽ ആനയും വീഴും .

അരിയെറിഞ്ഞാൽ ആയിരം കാക്ക .

വടി കൊടുത്ത് അടി വാങ്ങുന്ന വിദ്യ .

മഞ്ഞപ്പിത്തം പിടിച്ചവന് കണ്ടത് മുഴുവനും മഞ്ഞയായി തോന്നും .

പട പേടിച്ച് പന്തളത്ത് ചെന്നപ്പോൾ അവിടെ പന്തം കൊളുത്തി പട .

പടിക്കലെ പാറ പോന്നെങ്കിലും പാതി തേവർക്ക് .

**പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കും .**

**പടിക്കൽ ചെന്ന് കലം ഉടയ്ക്കുക .**

**പോയ ബുദ്ധി ആന വലിച്ചാലും വരില്ല .**

**അടിച്ച് വഴി നടന്നില്ലെങ്കിൽ പോയവഴി അടിക്കുക .**

**പുരയ്ക്ക് തീപിടിക്കുമ്പോൾ വാഴവെട്ടുക .**

**വല്ലഭന് പുല്ലും ആയുധം .**

**നേരെ വാ നേരെ പോ**

**പാമ്പ് ചാകണം കമ്പ് ഒടിയുകയും ചെയ്യരുത്**

**അക്കരെ നിക്കുമ്പോൾ ഇക്കരെ പച്ച**

**അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു ആണ് നല്ലത്**

**ആന പോയ വഴിയെ വാല്**

ആലുവ മണപ്പുറത്ത് കണ്ട പരിചയം

അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ

ഉള്ള കഞ്ഞിയിൽ പാറ്റ വീഴുക

പൂച്ച എലിയെ പിടിക്കും

അരിയും തിന്ന് ആശാരിച്ചിയെയും കടിച്ചു പിന്നെയും പട്ടിക്കു മുറുമുറുപ്പ്

അറുത്ത കൈക്ക് ഉപ്പു തേക്കാത്തവൻ

ആകാശം വീഴും എന്ന് വിചാരിച്ച് മുട്ടു കൊടുക്കുക

കാറ്റുള്ളപ്പോൾ തൂറ്റുക

കത്തുന്ന പുരയ്ക്കു ഊരുന്ന കഴുക്കോൽ ആദായം

തോളിലിരുന്ന് ചെവി തിന്നുക

തോക്കിൽ കയറി വെടി വെക്കുക

കാള പെറ്റെന്ന് കേട്ട് കയറെടുക്കുക

കുങ്കുമം ചുമക്കുന്ന കഴുത

കുരയ്ക്കും പട്ടി കടിക്കില്ല

ചത്ത കുഞ്ഞിന്റെ ജാതകം നോക്കുക

കത്തുന്ന പുരയിൽ കിടന്നുറങ്ങുക

കടിച്ചതും ഇല്ല പിടിച്ചതും ഇല്ല

തല്ല് കൊള്ളാൻ ചെണ്ട പണം വാങ്ങാൻ മാരാർ .

മലപോലെ വന്നത് മലർ പോലെ പോയി .

വെള്ളക്കാക്ക മലർന്നു പറക്കും .

വിശന്നാൽ പശു കയറും തിന്നും .

കടല് ചാടിയവന് തോടു ചാടുവാൻ പ്രയാസമോ?

കയ്ച്ചിട്ടിറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ .

അകലെ ഉഴുത് പകലേ പോരുക .

ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുറ്റം .

ഇന്നലത്തെ മഴയ്ക്ക് കുരുത്ത തകര .

ഇരുന്നിട്ട് വേണം കാല് നീട്ടാൻ .

ഇല്ലത്തുനിന്ന് പുറപ്പെട്ടുകയും ചെയ്തു അമ്മാത്ത് ഒട്ട് എത്തിയതുമില്ല .

പാമ്പിനു പാല് കൊടുത്താലും വിഷം തന്നെഛർദ്ദിക്കും .

പൊന്നുകായ്ക്കുന്ന മരമായാലും പുരയ്ക്ക മീതെ വളർന്നാൽ വെട്ടണം .

☆☆☆☆ ☆☆☆☆☆ ☆☆☆☆

# പഴഞ്ചൊല്ലുകൾ

*- വീണ*

അങ്ങാടിയിൽ തോറ്റതിന് അമ്മയോട് .

അറിയാത്തവന് തല്ല് അറിഞ്ഞവന് ചൊല്ല് .

ആന കൊടുത്താലും ആശ കൊടുക്കരുത് .

ഇല്ലത്തില്ലെങ്കിൽ കോലോത്തും ഇല്ല .

നാട് മറന്നാലും മൂട് മറക്കരുത്.

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും .

വെളുക്കാൻ തേച്ചത് പാണ്ടായി .

ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്, ഉണ്ടവന് പാ കിട്ടാഞ്ഞിട്ട് .

ഉള്ളത് പറഞ്ഞാൽ ഉറിയും ചിരിക്കും .

**മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും .**

**മടിയൻ മല ചുമക്കും .**

**മനസ്സിൽ കാണുമ്പോൾ മാനത്ത് കാണും .**

**മുറ്റത്തെ മുല്ലയ്ക്ക് മണമില്ല .**

**മിന്നുന്നതെല്ലാം പൊന്നല്ല .**

**മുറ്റത്തെ മുല്ലയ്ക്ക് മണമില്ല .**

**പഠിക്കും മുമ്പ് ഗുരുക്കൾ ആകരുത് .**

**പണത്തിനുമീതെ പരുന്തും പറക്കില്ല .**

**പയ്യെത്തിന്നാൽ പനയും തിന്നാം .**

**പലതുള്ളിപ്പെരുവെള്ളം .**

**പാപി ചെന്നിടം പാതാളം .**

കാട്ടിലെ മരം തേവരുടെ ആന വലിയെടാ വലി .

കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ലാതായി .

ഗതികെട്ടാൽ പുലി പുല്ലും തിന്നും .

പാലം കടക്കുവോളം നാരായണ നാരായണ പാലം കടന്നാൽ കൂരായണ കൂരായണ .

പിന്നെയും ചങ്കരൻ തെങ്ങിൽ തന്നെ .

പിള്ളമനസിൽ കള്ളമില്ല .

പുത്തരിയിൽ കല്ലുകടിയ്ക്കുക .

പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്തു കാര്യം ?

പൊന്നുംകുടത്തിന് പൊട്ടു വേണ്ട .

പോയാൽ ഒരു വാക്ക് കിട്ടിയാൽ ഒരാന .

സ്വരം നന്നാവുമ്പോൾ പാട്ട് നിർത്താം .

പുരയ്ക്ക് തീപിടിക്കുമ്പോൾ വാഴവെട്ടുക .

അട്ടയെ പിടിച്ച് മെത്തയിൽ കിടത്തുക .

അങ്കവും കാണാം താളിയും ഒടിക്കാം .

പുലിക്കൂട്ടിൽ തലയിടുക .

ആരാന്റമ്മക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ നല്ല ചേല് .

ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് .

ആളുവില കല്ലുവില .

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം .

ഓട്ടുന്ന തോണിക്ക് ഒരു ഉന്ത് .

ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽ തന്നെ .

ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പെ .

ഒന്നായിരുന്നാലും നന്നായിരിക്കണം .

ആറ്റിൽ കളഞ്ഞാലും അളന്നു കളയണം .

താൻ പിടിച്ച മുയലിനു നാല് കൊമ്പ് .

നാടോടുമ്പോൾ നടുവേ ഓടണം .

അണ്ണാൻ കുഞ്ഞിനെ മരം കയറാൻ പഠിപ്പിക്കണോ ?

എലിയെ പേടിച്ച് ഇല്ലം ചുടുക .

കണ്ടാലറിയാത്തവൻ കൊണ്ടാലറിയും .

കടുവായെ കിടുവ പിടിക്കുക .

തലയിലെഴുത്ത് തടവിയാൽ പോകുമോ ?

തീയിൽ കുരുത്തത് വെയിലത്ത് വാടുമോ ?

തേടിയ വള്ളി കാലിൽ ചുറ്റി .

**ചക്കരപ്പന്തലിൽ തേൻ മഴ പെയ്യുക .**

**ശർക്കര കുടത്തിൽ കയ്യിട്ടാൽ നക്കാത്തവരുണ്ടോ ?**

**ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും.**

**കടന്നൽക്കൂട്ടിൽ കൈയിടുക.**

**കുഴിയാന മദിച്ചാൽ കൊലയാന ആകുമോ .**

**ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും കേട് ഇലയ്ക്ക് .**

**പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും .**

**അധികമായാൽ അമൃതും വിഷം .**

**** ***** ****

# പ്രളയശേഷം

-അനഘാ ശ്രീകുമാർ

അവൾ കണ്ണുതുറന്നപ്പോൾ അവിടെ അവൾക്കു പരിചിതമായ ആരെയും കണ്ടില്ല .തന്റെ അമ്മയെ അച്ഛനെ ചേട്ടനെ. ചുറ്റിനും അപരിചിതരായ കുറെ മുഖങ്ങൾ ആരാണെന്നറിയില്ല. അപ്പോഴാണ് കഴിഞ്ഞ കാര്യങ്ങളെല്ലാം അവളുടെ ഓർമ്മയിൽ ഓടിയെത്തിയത്. സന്തോഷവും സമാധാനവും കളിയും ചിരിയും നിറഞ്ഞ ഒരു കൊച്ചു കുടുംബം .അച്ഛനൊരു ഓട്ടോറിക്ഷക്കാരൻ .അമ്മയ്ക്ക് ജോലിയൊന്നുമില്ല .ചേട്ടൻ കുറച്ചു കുട്ടികൾക്ക് ട്യൂഷനെടുത്ത് കിട്ടുന്ന തുച്ഛമായ ശമ്പളം കൊണ്ട് അവർ നാലുപേരും സന്തോഷത്തോടെ കഴിഞ്ഞിരുന്നു .അവളുടെ പതിനാലാം പിറന്നാൾ അവർ ആഘോഷിക്കാൻ തീരുമാനിച്ചു .ആ സന്തോഷത്തിൽ ആയിരിക്കുമ്പോഴാണ് നിനച്ചിരിക്കാതെ ഉണ്ടായ സംഭവം .എല്ലാം തിരുത്തി എഴുതിയ പ്രളയം .തന്റെ വീടും ആ പ്രളയത്തിൽ മുങ്ങി .പിന്നീട് കുറേപേർ ചേർന്ന് അവളെ വള്ളത്തിൽ എവിടെ കൊണ്ടുപോയി .അതിനുശേഷം അവൾക്കൊന്നും ഓർമ്മയുണ്ടായിരുന്നില്ല .പെട്ടെന്ന് അവളുടെ പിറകിൽ വന്ന് ആരോ അവളുടെ ചുമലിൽ തൊട്ടു അത് അവളുടെ അച്ഛനായിരുന്നു. അയാളുടെ കലങ്ങിയ കണ്ണുകൾ കണ്ടപ്പോഴേ മനസ്സിലായി ഇനി ഈലോകത്ത് കൂട്ടായി അവൾക്ക് അച്ഛനും അച്ഛന് അവളും മാത്രമേയുള്ളുവെന്നും അമ്മയും ചേട്ടനും ഇല്ലാത്ത ഈ ലോകത്തിൽ.....

☆☆☆☆ ☆☆☆☆☆ ☆☆

# അമ്മ

-ടി എസ്സ്സുപ്രഭ[1]

അമ്മ നീട്ടിവിളിച്ചു . രാമാ.... മറുപടിയുണ്ടായില്ല ഗോപാലാ.... അതും തദൈവ കൃഷ്ണ ....അതിനും മറുപടിയില്ല.ഈ കുട്ടികളെക്കൊണ്ട് തോറ്റു. ആശുപത്രിയിൽ പോകണ്ടായോ? ഭിത്തികളിൽ തട്ടിമാറ്റൊലിക്കൊണ്ട് മക്കളുടെ പേരുകൾ നാണിയമ്മയുടെ ചെവികളിൽ പെരുമ്പറ പോലെ മുഴങ്ങി. പുറം പൊളിയുന്ന വേദനയോടെ അവർ എഴുന്നേറ്റ് ഇരിക്കാൻ ശ്രമിച്ചു .നടന്നില്ല .ചുറ്റും കണ്ണോടിച്ചു .അപരിചിത മുഖങ്ങൾ .പലതിലും ഒരു കണ്ണാടിയിലെന്നപോലെ സ്വന്തം രൂപമാണ് അവൾ കണ്ടത്. ചുക്കിച്ചുളിഞ്ഞ പുറംതൊലി നരകയറിയ തലമുടി അഗാധതയിലേക്ക് ആണ്ട ഉറവ വറ്റിയ കണ്ണുകൾ .ഓടിത്തളർന്ന ശരീരവും തകർന്ന മനസ്സും .ഒരുവേള അവൾ ശങ്കിച്ചു അല്ല ഇത് ഞാൻ തന്നെയല്ലേ ?

അപരിചിതത്വത്തിന്റെ നേർത്ത മൂടി മാറ്റി കാലം അവരെ പരിചയപ്പെടുത്തി . സുജാത. പിറവത്തുകാരി. രണ്ടു മക്കൾ നല്ല നിലയിൽ . അച്ഛനുമമ്മയും ഭാരമായപ്പോൾ അവർ സുജാതയേയും ഭർത്താവിനേയും ഇവിടെ എത്തിച്ചു . ഏലിക്കുട്ടി ഭർത്താവ് മരിച്ചു . മക്കൾ വിദേശത്ത് . ആവശ്യത്തിലധികം പണം . പക്ഷെ ഒറ്റയ്ക്ക് വലിയ വീട്ടിൽ താമസിക്കാൻ പ്രയാസം . സ്വയം തെരഞ്ഞെടുത്തതാണ് ഇവിടെ . എന്തേതിനോട് സാമ്യമുള്ളതാണ് അസ്മാബിയുടെ വരവ് . ഞാൻ സദനത്തിലെ പടിക്കൽ മയങ്ങിക്കിടന്നിരുന്നതാണെങ്കിൽ അവൾ തെരുവോരത്ത് അലയുകയായിരുന്നു . ആരൊക്കെയോ ചേർന്ന് അവളെ ഇവിടെ

1 കൈറ്റ് മിസ്ട്രസ്സ്

എത്തിക്കുകയായിരുന്നു. ഓർമ്മകളിൽ വെളിച്ചം വീശുമ്പോൾ ഇടയ്ക്ക് ഭൂതകാലം അയവിറക്കുന്ന അവൾ മക്കളെയും ഭർത്താവിനെയും കുറിച്ചു പറയും . ഏതാണ്ട് ഇരുപത്തഞ്ചോളം പേരുണ്ട് ഇവിടെ . എല്ലാവരും സമന്മാർ . കൃത്യമായി ആഹാരവും മറ്റ് അത്യാവശ്യ സൗകര്യങ്ങളുമുണ്ട് . എല്ലാറ്റിനുമുപരി പഴയ മനസ്സുകളുടെ കൂട്ടായ്മയുടെ മാധുര്യം .

ഇന്ന് ഒക്ടോബർ ഒന്ന്. വയോജന ദിനം ആണ് പോലും .സദനത്തിൽ നല്ല തിരക്കായിരുന്നു കപട സ്നേഹത്തിന്റെ മുഖംമൂടിയണിഞ്ഞ് ഓരോ മക്കളും, മരുമക്കളും ,കൊച്ചു മക്കളും, സഹോദരങ്ങളും അങ്ങനെ അടുത്ത ബാച്ചിൽ നടതള്ളാനുള്ള നൂറോളം പേർ വന്ന് സ്നേഹം പങ്കിട്ടു പോയി . അവരുടെ സ്നേഹ ഭാരത്താൽ അന്തേവാസികളെല്ലാം പാതിമയക്കത്തിലാണ് . അവൾക്ക് ഇതിലൊന്നും താല്പര്യം തോന്നിയില്ല . അലസമായി കട്ടിലിൽ കിടന്നു .

അരുത് എന്ന് നൂറുതവണ വിലക്കിയിട്ടും മനസ്സ് പിറകോട്ടോടി . അവൾ പിന്നാലെയും. .

അവിടെ മേളം തകർക്കുകയാണ് . സർവ്വാഭരണവിഭൂഷിതയായി നവവധു നിറഞ്ഞു കത്തുന്ന നിലവിളക്കിനു മുന്നിൽ നമ്രശിരസ്കയായി ഇരിക്കുന്നു . നവവരനും കേമൻ തന്നെ . നിബിഡമായ തലമുടിയും വശ്യമായ പുഞ്ചിരിയും അയാളുടെ സൗന്ദര്യത്തിന് പൊലിമയേകി . ബന്ധുക്കൾ സംതൃപ്തിയോടെ ,മുന്നോട്ടുന്തിയ വയറുകളിൽ സന്തോഷത്തോടെ തലോടി യാത്ര പറഞ്ഞുപോയി എല്ലാവർക്കും ഒന്നേ പറയാനുണ്ടായിരുന്നുള്ളു . ലക്ഷ്മിയും മഹാവിഷ്ണുവും തന്നെ . ആദ്യരാത്രി ചെക്കൻ അടുത്തുവന്നപ്പോൾ എന്തോ പ്രത്യേക ഗന്ധം . ഇതുവരെ അവൾ അനുഭവിച്ചിട്ടില്ലാത്ത ആ ഗന്ധം ആദ്യമൊക്കെ അവളെ വീർപ്പുമുട്ടിച്ചെങ്കിലും പതുക്കെ അവൾക്ക് അത് ശീലമായി . പലപ്പോഴും ഭർത്താവിന്റെ പെരുമാറ്റം അവളെ

അമ്പരിപ്പിച്ചു എങ്കിലും അയാളുടെ സ്നേഹത്തലോടലുകളിൽ അവളെല്ലാം മറന്നു . മൂന്ന് ആൺമക്കൾ . അപ്പോഴും ബന്ധുക്കൾ പറഞ്ഞു ഭാഗ്യവതി . അഭിമാന ഭയംകൊണ്ട് ഭർത്താവിന്റെ ദുസ്വഭാവം ആരെയുമറിയിക്കാതെ കൊണ്ടുനടന്നു അവൾ . പലപ്പോഴും ഭാര്യയെപ്പോലും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അയാൾ . മദ്യത്തിൻറെ മണമില്ലാതെ അവൾ അയാളെ കണ്ടിട്ടുണ്ടോ ?

അവൾക്ക് ഒന്നും ഓർമ്മയില്ല . ഓർമ്മകളെല്ലാം നഷ്ടമായെങ്കിലും മക്കളെ വളർത്തണം എന്ന ഒറ്റ തെളിമയുള്ള ഓർമ്മമാത്രം അവളുടെ മനസിൽ . ഒരു ജോലി ഉള്ളത് ആശ്വാസം . ആവൾ ആത്മാർത്ഥമായി ജോലി ചെയ്തു . അത് പലപ്പോഴും കുടുംബത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടാക്കി . വെല്ലുവിളികൾ സധൈര്യം നേരിട്ട അവൾ പലപ്പോഴും മുണ്ടും മുറുക്കിയുടുത്തു . പതുക്കെ പട്ടിണി അവൾക്ക് ശീലമായി . അപ്പോഴും ഭർത്താവിനും മക്കൾക്കും വിഭവങ്ങളൊരുക്കാൻ അവൾ മറന്നില്ല . മദ്യപാനം അതിരുവിട്ട ഭർത്താവ് തന്റെ തനിനിറം നാട്ടുകാരുടെ മുമ്പിലും പ്രദർശിപ്പിച്ചുതുടങ്ങി . ഓർമ്മകൾ പണ്ടേ നഷ്ടമായ അവൾ പലപ്പോഴും ഭ്രാന്തിയുടെ ചേഷ്ടകൾ കാട്ടുവാൻ വെമ്പൽകൊണ്ടു .പക്ഷേ അവളുടെ തളരാത്ത മനസ്സ് എപ്പോഴും അവളെ ഓർമ്മപ്പെടുത്തി . തളരരുത് . മക്കൾ ......

മൂത്തവൻ എംടെക് കഴിഞ്ഞു . പ്രൈവറ്റ് കമ്പനിയിൽ എഴുപത്തയ്യായിരം രൂപ ശമ്പളം . രണ്ടാമൻ എൻഡിഎയിൽ ബിടെക് കഴിഞ്ഞു . അവിടെ പ്രൊബേഷനറി ഓഫീസർ . മൂന്നാമൻ ക്യാമ്പസ് ഇൻറർവ്യൂ കഴിഞ്ഞ നിൽക്കുന്നു . ഭാരങ്ങൾ പതുക്കെ ഇറക്കിവച്ചു എന്ന് ഒരുവേള ചിന്തിച്ചു പോയി അവൾ. അല്പം അഹങ്കാരവും നിറയെ അഭിമാനവും അതിലുണ്ടായിരുന്നു . അവൾ ഭർത്താവിനെ നോക്കി വലിയ കണ്ണുകളും വശ്യതയാർന്ന പുഞ്ചിരിയും കൊണ്ട് എല്ലാവരെയും മയക്കിയിരുന്ന അദ്ദേഹം മദ്യത്തിൻറെ മയക്കം വിട്ട് എഴുന്നേൽക്കാനുള്ള ശ്രമത്തിലാണ് പക്ഷെ

നടക്കുന്നില്ല . പഴയ കണക്കുപുസ്തകങ്ങളിൽ അവൾ ഒന്നു പരതി. ഏതാണ്ട് ഒരു കോടിയോളം രൂപ എന്റെ കൈകളിലൂടെ മറിഞ്ഞുപോയിരിക്കുന്നു . അറിയാതെ പഴകി നിറം പോയ സാരിയിൽ അവളുടെ കണ്ണുകളുടക്കി .

വായിലെ മുറിവ് ഏതാണ്ട് ഒരു മാസമായി കരിയുന്നില്ലല്ലോ ഏതായാലും ഡോക്ടറെ ഒന്ന് കാണാം അഭിപ്രായം അവളുടേതായിരുന്നു . പരിശോധനാഫലം അത്ര നല്ലതല്ലായിരുന്നു . ചികിത്സയ്ക്ക് നല്ലൊരു തുക വേണം. അവളുടെ കൈയിലുള്ളതിന്റെ മൂന്നിരട്ടി. മക്കൾ കൂടി ആലോചിച്ചു .നാളെ അമ്മയെ ഓപ്പറേഷന് കൊണ്ടുപോകാം എല്ലാം റെഡിയാക്കി വയ്ക്കൂ . മൂത്തമകൻ . നമുക്കെല്ലാവർക്കും കൂടെ പോകാം ,രണ്ടാമൻ . ഞാൻ വണ്ടി ഓടിക്കാം, മൂന്നാമൻ .മക്കളുടെ സ്നേഹത്തിനു മുൻപിൽ ആ അമ്മയ്ക്ക് മറുപടി ഇല്ലായിരുന്നു .മൂന്നു പേരെയും ചേർത്ത് ആലിംഗനം ചെയ്തു കൊണ്ട് അവൾ പറഞ്ഞു ഞാനാണ് ലോകത്തിലെ ഏറ്റവും ഭാഗ്യവതി .

നാളെ കൃത്യം അഞ്ചുമണിക്ക് ഇറങ്ങണം. അമ്മ സുഖമായി ഉറങ്ങിക്കോളൂ . അതിനുമുമ്പായി ഒരിഞ്ജക്ഷനെടുക്കണം . ഡോക്ടറ് പ്രത്യേകം പറഞ്ഞതാ .നഴ്സിംഗ് റ്റ്യൂട്ടറായ മരുമകൾ അതിമാധുര്യത്തോടെ പറഞ്ഞു . ശരി മോളേ പതുക്കെ എടുത്തോളൂ . ഒട്ടും നോവിക്കാതെ മരുമകൾ ഇഞ്ജക്ഷനെടുത്തു . വരണ്ട് പരുക്കനായ അവളുടെ കൈകൾ മരുമകൾ സ്നേഹത്തോടെ തടവിക്കൊണ്ടിരുന്നു . അറിയാതെ ഉറക്കത്തിലേയ്ക്കവൾ വഴുതിവീണു .

സദനത്തിലെ കട്ടിലിലെ ശരീരത്തിലേയ്ക്ക് മനസ്സ് തിരികെ ഓടിയെത്തി . പക്ഷേ അവളുടെ ആത്മാവ് തേടിയത് ശരീരത്തെ ആയിരുന്നില്ല ഈശ്വരനെ ആയിരുന്നു.

☆☆☆☆ ☆☆☆☆☆ ☆☆☆☆

# വയോജനങ്ങളെ ഇതിലേ ഇതിലേ

*-നന്ദന സത്യൻ*

വാർദ്ധക്യം എന്നത് ഏത് ജീവജാലങ്ങൾക്കും അനുഭവിക്കേണ്ടിവരുന്ന ഒരു സ്വാഭാവിക അവസ്ഥയാണ്. ബാല്യം ,കൗമാരം, യൗവ്വനം ,വാർദ്ധക്യം എന്നീ ഘടകങ്ങളുടെ അവസാന ഘട്ടമായ വാർദ്ധക്യം ഏവർക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ് . അനാരോഗ്യം മുതിർന്ന പൗരന്മാരെ അലട്ടുന്ന മുഖ്യ പ്രശ്നമാണ്. വേഗത്തിൽ രോഗങ്ങൾക്ക് അടിമപ്പെടുന്നു. പലവിധ രോഗങ്ങളും അവരെ പിടികൂടുന്നു. ശാരീരിക രോഗങ്ങളോ ടൊപ്പം ദുർബലമായ മാനസിക ആരോഗ്യവും വയോജനങ്ങൾക്ക് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സ്വന്തം കഴിവുകളിൽ വിശ്വാസം നഷ്ടപ്പെടുന്ന അവർ കുടുംബ കാര്യങ്ങളിൽ ഇടപെടാൻ സന്നദ്ധനാണെങ്കിൽപോലും മറ്റുള്ളവർ അത് അനുവദിക്കുന്നില്ല . വയോജനങ്ങളുടെ മാനസികാവസ്ഥ മനസിലാക്കി അവരോട് കരുതലോടെയും അനുതാപത്തോടെയും ഇടപെടാൻ പലരും തയ്യാറാകുന്നില്ല .കൂടാതെ തങ്ങളെ പരിഗണിക്കാതെ സ്വന്തം അവകാശവും അധികാരവും സ്ഥാപിക്കാൻ യുവതലമുറ ശ്രമിക്കുന്നത് അവരെ നിരാശയിലാഴ്ത്തുന്നു. തങ്ങളുടെ പ്രാധാന്യവും അന്തസ്സും നഷ്ടപ്പെട്ടു എന്ന തോന്നൽ വയോജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം തീർത്തും തകർക്കുന്നു.

ഇന്ത്യയിൽ പ്രത്യേകിച്ച് ഗ്രാമീണമേഖലയിലെ വയോജനങ്ങൾക്ക് ശ്വാസകോശരോഗങ്ങൾ, കാഴ്ചക്കുറവ്, കേൾവിക്കുറവ്, വിളർച്ച തുടങ്ങിയ രോഗങ്ങൾ സാധാരണമാണ്. മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനം, വിദഗ്ധചികിത്സ ,കുടുംബ സംരക്ഷണം തുടങ്ങിയവ ഇവർക്ക് അത്യാവശ്യമാണ് .ചെലവ് കൂടിയ ചികിത്സാസൗകര്യങ്ങൾ ദരിദ്ര ജനവിഭാഗങ്ങൾക്ക് ലഭിക്കാതെ പോകുന്നത് സാമൂഹിക ന്യൂനതയാണ് .സാമ്പത്തിക അരക്ഷിതാവസ്ഥയാണ് മറ്റൊരു പ്രധാനപ്രശ്നം ഗ്രാമീണ മേഖലയിലാണ് പ്രശ്നം കൂടുതൽ രൂക്ഷം .സാമൂഹിക സുരക്ഷാ പെൻഷനുകൾ തൊഴിലാളി-കർഷക പെൻഷനുകൾ തുടങ്ങിയവ കേരളംപോലുള്ള സംസ്ഥാനങ്ങൾ നൽകുന്നുണ്ട് എന്നാൽ വയോജനങ്ങളിൽ പലരും പലപ്പോഴും സാമ്പത്തിക പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. കുടുംബത്തിലെ മറ്റ് അംഗങ്ങൾ തങ്ങളെ അനുസരിക്കുന്നില്ല എന്ന കണ്ടെത്തൽ വയോജനങ്ങൾക്ക് ഏറെ ദുസ്സഹമാണ്. ആത്മവിശ്വാസം തകരുന്നതും ഏകാന്തത അനുഭവപ്പെടുന്നതും വലിയ സാമൂഹിക പ്രശ്നമാണ് .സാമ്പത്തിക ആശ്രിതത്വം കൂടിയുണ്ടെങ്കിൽ വയോജനങ്ങളുടെ സ്ഥിതി ഏറെ ദയനീയം ആകും. സാമൂഹികജീവിതത്തിലെ കേന്ദ്രം മാത്രമായി ചുരുങ്ങുന്നത് വയോജനങ്ങൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും .പലവിധ മാനസിക പ്രശ്നങ്ങൾ ,ശക്തിക്ഷയം, നിരാശ, വാർദ്ധക്യം മൂലമുണ്ടാകുന്ന ശാരീരിക മാനസിക മാറ്റങ്ങൾ ,ഒറ്റപ്പെടൽ തുടങ്ങിയവ വയോജനങ്ങളുടെ പെരുമാറ്റത്തിലും മാറ്റങ്ങളുണ്ടാക്കും. ഇത് പരിഹരിക്കാൻ കുടുംബത്തിന് സാമ്പത്തിക പിന്തുണ യോടൊപ്പം വൈകാരിക പിന്തുണയും ആവശ്യമാണ് .ദൃഢമായ കുടുംബബന്ധങ്ങൾ വയോജനങ്ങളുടെ ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ സഹായകമാണ് . ഒരായുസ്സ് മുഴുവൻ സ്വന്തം മക്കൾക്ക് വേണ്ടി, അവരുടെ സന്തോഷത്തിനുവേണ്ടി ഒരുപാട് പ്രയത്നിച്ചത് തങ്ങൾ

ഇത്രയൊക്കെ കഷ്ടപ്പെട്ടു മ്പോഴും വാർദ്ധക്യത്തിൽ തങ്ങൾക്ക് തുണയായി മക്കൾ ഉണ്ടാകുമെന്ന വിശ്വാസമാണ് മാതാപിതാക്കൾക്ക് .എന്നാൽ ഈ വിശ്വാസത്തെ എല്ലാം തകർത്തെറിഞ്ഞുകൊണ്ട് മാലിന്യങ്ങൾ വലിച്ചെറിയുന്ന ലാഘവത്തോടെയാണ് മക്കൾ മാതാപിതാക്കളെ ഉപേക്ഷിക്കുന്നത് . കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി ചുരുങ്ങിയിരിക്കുന്ന ഇക്കാലത്ത് വയോജന സംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു .വൃദ്ധസദനങ്ങളുടെ എണ്ണം കുറയുക തന്നെ വേണം .അവരെ സംരക്ഷിക്കാൻ മക്കൾതന്നെ തയ്യാറാകണം. വൃദ്ധർ സമൂഹത്തിൻറെ മൂല്യമുള്ള നാണയങ്ങൾ തന്നെയാണ്. അവരെ നമുക്ക് നെഞ്ചോട് ചേർത്ത് വെയ്ക്കാം.

☆☆☆☆ ☆☆☆☆☆ ☆☆☆☆

# പ്രളയംപഠിപ്പിച്ചത്

*-സയ്ഫ എസ്*

മഹാപ്രളയം എന്ന കാലപാശം കേരളത്തെയാകെ വരിഞ്ഞുമുറുക്കി കൊല്ലാതെ കൊല്ലുന്ന കാഴ്ചകൾ കണ്ണിൽനിന്നും മാഞ്ഞിട്ടില്ലല്ലോ ? എന്തുകൊണ്ട് ഈ പ്രളയം ? ആരാണിതിന് ഉത്തരവാദികൾ ? ഉത്തരം കൈവെള്ളയിലെ മായാത്ത രേഖകൾ പോലെ വ്യക്തം. മനുഷ്യൻ -അവന്റെ ചെയ്തികൾ . അതെ അത് മാത്രമാണ് ഈ ദുരന്തത്തിന് ആധാരം .

വസുധൈവകുടുംബകം എന്ന മഹത്തായ പാരമ്പര്യത്തിൽ വിശ്വസിച്ച് മനുഷ്യനും പ്രകൃതിയും ഒന്നായി പരസ്പരാശ്രയത്വത്തിൽ കഴിഞ്ഞ സുന്ദര കാലം . കാലം പതുക്കെ കടന്നുപോകവേ ജനസംഖ്യാ വിസ്ഫോടനത്തെ തുറന്ന് മനുഷ്യൻ തന്റെ സ്വാർത്ഥപൂർത്തിയ്ക്കായി തന്റെ മാത്രം സൗകര്യങ്ങൾക്കായി പ്രകൃതിയെ ചൂഷണം ചെയ്തു തുടങ്ങി . മരങ്ങൾ വാശിയോടെ വെട്ടിക്കളഞ്ഞു . കുളങ്ങളും ,തോടുകളും, വയലുകളും നികത്തിയും ,നദീതടങ്ങൾ കയ്യേറിയും ,നാം സൃഷ്ടിച്ച മാലിന്യം പുഴകളിലേക്ക് ഒഴുക്കിയും വീരത കാട്ടി . പണ്ട് ചെയ്ത പാപങ്ങൾ നമ്മെത്തന്നെ

തിരിഞ്ഞുകൊത്തുന്നു .

പരിസ്ഥിതി വാദികളെ പരിഹസിക്കാനും , വികസന വിരുദ്ധരായ പിന്തിരിപ്പൻ എന്ന് മുദ്രകുത്താനും ആയിരുന്നു ഇരുപതാം നൂറ്റാണ്ടിൻറെ അന്ത്യദശകങ്ങളിൽ രാഷ്ട്രീയ -സംഘടനാ നേതൃത്വങ്ങൾ ശ്രമിച്ചത് . ഭൂവിഭവങ്ങളുടെയും പ്രകൃതിയുടെയും ചൂഷണത്തിലും, ആവാസവ്യവസ്ഥകളുടെ നശീകരണത്തിലും ,ജൈവവൈവിധ്യം നശിപ്പിച്ചുകൊണ്ടുള്ള നഗരവൽക്കരണത്തിലും ,വ്യവസായവൽക്കരണത്തിലും, അടിസ്ഥാന സൗകര്യ വികസനത്തിലും ഊന്നിയ പാശ്ചാത്യ ആധുനിക സങ്കല്പം പടുത്തുയർത്താൻ ആണ് നാം ശ്രമിച്ചത് . പ്രാചീന ജ്ഞാനങ്ങളും വിവരങ്ങളും മറന്നുകൊണ്ട് നാം മണ്ണിനെയും മരത്തെയും ചതുപ്പിനെയും, പൊന്തകളേയും കൊന്നുകൊണ്ടുള്ള വികസനമാതൃകയിൽ നമ്മെ തളച്ചിട്ടു .

പരിണാമത്തിന്റെ പ്രാചീനമായ താഴെത്തട്ടിലുള്ള നാനാതരം ജീവജാതികൾ അടങ്ങുന്ന ഓരോ ജൈവ ക്രമത്തിന്റെയും നിലനിൽപ്പ് അവയുടെ ആവാസവ്യവസ്ഥയുമായി ഉള്ള ബന്ധത്തിലും അതിൽപ്പെടുന്ന ജൈവ ശൃംഖലയിലും ആണ്. ഈ ശൃംഖലയുടെ നിലനിൽപ്പാണ് ജൈവ രൂപങ്ങളുടെ ക്ഷേമം നിശ്ചയിക്കുന്നത് എന്ന ബോധ്യത്തിൽ എത്തിച്ചേരാൻ ഇനിയും വൈകിക്കൂടാ . പ്രാണവായു ലഭ്യത താഴ്ന്നുപോയ ജലാശയങ്ങൾ, എണ്ണിയെണ്ണി കുറയുന്ന പക്ഷിമൃഗാദികൾ ,സംഹാര ശക്തിയോടെ മടങ്ങിവരുന്ന വ്യാധികൾ, വിഷം കലർത്തിയ ഭക്ഷ്യവിഭവങ്ങൾ, പ്രവചനാതീതമായ കാലാവസ്ഥ ,ശ്വാസംമുട്ടിക്കുന്ന വായു ,കരയുന്ന കാടുകളും പുൽമേടുകളും, തിരോഭവിച്ച നീർത്തടങ്ങൾ നമ്മുടെ അസ്തിത്വത്തെതന്നെ ഭീഷണിപ്പെടുത്തുന്ന ഈ വിപത്തുകൾക്കെതിരെ ഉണർന്നെഴുന്നേൽക്കാൻ ഉള്ള അവസാന അവസരങ്ങളിൽ ഒന്നാണിത്.

പ്രകൃതി മഹാ ശക്തിയാണെന്ന ബോധം എപ്പോഴും ഉണ്ടാകണം . ആ

**ശക്തിക്കുമുന്നിൽ മനുഷ്യർ നിസാ രരാണ്. പ്രകൃതിയെ ആദരവോടും ആരാധനയോടും കൂടി സമീപിക്കണം. പ്രകൃതി തന്നിരിക്കുന്ന അമൂല്യ വിഭവങ്ങൾ തിരിച്ചെടുക്കാൻ ആ ശക്തിക്ക് ഒരു നിമിഷം മതി . ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയാൽ നമ്മുടെ ചിന്തയിലും പ്രവർത്തിയിലും കാഴ്ചപ്പാടിലും എളിമ ഉണ്ടാകും. ആ എളിമ പ്രകൃതി മനുഷ്യന് എതിരല്ല എപ്പോഴും നമ്മോടൊപ്പം നിൽക്കുന്ന, നമുക്ക് നന്മ മാത്രം കാംക്ഷിക്കുന്ന ഉത്തമ സുഹൃത്താണെന്ന് ബോധ്യമാകും. പ്രകൃതിക്കൊപ്പം നിൽക്കാം .....സംരക്ഷിക്കാം അതിനെ പൊന്നുപോലെ......**

☆☆☆☆ ☆☆☆☆☆ ☆☆☆☆


# വരകൾ വർണ്ണങ്ങൾ

രാഹുൽ രാജ്



രാഹുൽ രാജ്


WELCOME



# കാർട്ടൂൺ

*അഖിൽ ആനന്ദ്*



# വിവരങ്ങൾക്ക് കടപ്പാട്

## പത്രമാസികകൾ, ആനുകാലികങ്ങൾ, ഇന്റർനെറ്റ്

**മാന്യ വായനക്കാർക്ക്**

**നന്ദി**